I.ഇ.ബി. XII-കേരള നിയമസഭ/II–13

**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ഒക്ടോബർ 10, ചൊവ്വ

നിയമസഭ രാവിലെ 8–30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജ്മെന്റുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. ഡി. സതീശൻ: സംസ്ഥാനത്തിന് അഭിമാനകരമായ പല പൊതുമേഖലാ സ്ഥാപനങ്ങളും ഇന്ന് സർക്കാരിന് ഒരു ബാദ്ധ്യതയായി മാറിക്കൊണ്ടിരിക്കുന്നു. 114 പൊതുമേഖലാ സ്ഥാപനങ്ങളുണ്ടായിരുന്നതിൽ 10 എണ്ണം അടച്ചുപൂട്ടുകയും 57 എണ്ണം വ്യവസായ വകുപ്പിന്റെ കീഴിൽ വരികയും ചെയ്തു. 38 എണ്ണം മാത്രമാണ് ലാഭകരമായി പ്രവർത്തിക്കുന്നത്. പൂട്ടുന്ന സ്ഥിതി വന്നപ്പോൾ സംസ്ഥാന റവന്യൂവിലേയ്ക്ക് വരേണ്ട നികുതി ഒഴിവാക്കിക്കൊണ്ടാണ് പല പൊതുമേഖലാ സ്ഥാപനങ്ങളേയും സഹായി

ച്ചിട്ടുള്ളത്. പരിഷ്ക്കരണത്തിനും മറ്റുമായി സഹായം കൊടുത്തിട്ടും ഏകദേശം അയ്യായിരത്തോളം ആളുകൾ വി.ആർ.എസ്. വാങ്ങിപ്പോവുകയും പല സ്ഥാപനങ്ങളും പ്രവർത്തനരഹിതമാവുകയും ചെയ്തു. ഭീമമായ കുടിശ്ശിക വരുത്തിയിരിക്കുന്നതിനാൽ പ്രവർത്തന മൂലധനം കൊടുക്കാൻ ബാങ്കുകാർ മടിക്കുന്നു. ഇവിടെ അഴിമതിയും കെടുകാര്യസ്ഥതയും കൊടികുത്തിവാഴുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന ഗവൺമെന്റ് നിലപാടിനെ സ്വാഗതം ചെയ്യുന്നു. സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ടെന്റർ ക്ഷണിക്കാതെ പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ നെഗോഷിയേറ്റ് ചെയ്ത് വാങ്ങാൻ അനുവാദം കൊടുത്തിട്ടുണ്ടെങ്കിലും കൃത്യമായി പലപ്പോഴും അത് ചെയ്യാറില്ല. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന് മീറ്റർ വിതരണത്തിന് സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ഓർഡർ നൽകിയിട്ട് പകുതിപോലും വിതരണം ചെയ്യാനായിട്ടില്ല. വിപണിയിൽ പിടിച്ചുനിൽക്കാൻ കഴിയുന്ന വിധത്തിൽ ടെക്നോളജി നവീകരിക്കാനുള്ള സംവിധാനമുണ്ടാകണം. മാൻപവർ റാഷണലൈസേഷനും സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണവും ഉണ്ടാകണം. നവീകരണ പദ്ധതികൾ നടപ്പിലാക്കാൻ ബഡ്ജറ്റ് വിഹിതം ചെലവാക്കുന്ന നടപടി അവസാനിപ്പിക്കണം. സ്ഥാപനങ്ങൾക്കെല്ലാം പ്രത്യേകമായ പദ്ധതികൾ ഉണ്ടാകണം. സംസ്ഥാനത്തെ മിടുക്കരായ ചെറുപ്പക്കാർ ഇൻഡ്യയിലും വിദേശത്തുമുള്ള പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേധാവികളാണ്. ഒരു പ്രൊഫഷണൽ മാനേജ്മെന്റ് കേഡർ ഉണ്ടാക്കി ആവശ്യമായ ട്രെയിനിംഗ് കൊടുത്ത് പൊതുമേഖലാ സ്ഥാപനങ്ങളെ പുന:സംഘടിപ്പിക്കാനും

പ്രൊഫഷണൽ വൈദഗ്ദ്ധ്യമുള്ള സ്ഥാപനങ്ങളാക്കി മാറ്റാനും ശ്രമിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ആഗോളവൽക്കരണത്തിന്റെ ഫലമായി വിപണിയിലുള്ള കടുത്ത മൽസരവും കമ്പനി മാനേജ്മെന്റിലുണ്ടായ വീഴ്ചകളും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആഗോളവൽക്കരണത്തിന്റെ ഫലമായുള്ള മൽസരത്തെ അതിജീവിക്കാൻ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിപ്പിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. പ്രവർത്തന കരാർ സംവിധാനം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പരസ്പര സഹകരണം, കാര്യക്ഷമത വർദ്ധിപ്പിക്കൽ, സുതാര്യവും മെച്ചപ്പെട്ടതുമായ കമ്പനി ഭരണ നിർവ്വഹണം എന്നിവ അടിസ്ഥാനമാക്കിയുള്ള സമഗ്രമായ വ്യവസായ നയത്തെ സംബന്ധിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെ മൽസര ക്ഷമതയുള്ളതാക്കാനാണ് ശ്രമിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ സി.ഇ.ഒ. മാരുടെ ഒരു യോഗം 21–8–2006–ൽ കൊച്ചിയിൽ വ്യവസായ വകുപ്പ് വിളിച്ചുകൂട്ടി കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്താൻ വേണ്ട നിർദ്ദേശങ്ങളും നടപടികളും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനവും മാനേജ്മെന്റും സസൂക്ഷ്മം നിരീക്ഷിക്കാനുള്ള സംവിധാനം ഏർപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. രാഷ്ട്രീയ പരിഗണനയിലും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരുടെ താവളമെന്ന നിലയിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളെ നിശ്ചയിക്കുന്ന രീതി അവസാനിപ്പിക്കാനും സർവ്വീസിൽനിന്നും വിരമിച്ചവരെ സി.ഇ.ഒ.മാരായി നിശ്ചയിക്കേണ്ടതില്ലെന്നും വിദഗ്ദ്ധരെ നിയമിക്കണമെന്നുമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

വൈദഗ്ദ്ധ്യമുള്ളവരെ തെരഞ്ഞെടുത്ത് നിയമിക്കുന്നതിനായി ഒരു സി.ഇ.ഒ. സെലക്ഷൻ ബോർഡ് ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. പ്രൊഫഷണൽ സി.ഇ.ഒ.മാരെ തെരഞ്ഞെടുക്കുന്നതിനായി 9.10.2006–ന് പത്രങ്ങളിൽ പരസ്യം നൽകിയതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഏറ്റവും അനുയോജ്യമായവരെ മാത്രമേ നിയമിക്കേണ്ടതുള്ളുവെന്നാണ് തീരുമാനം. നിയമിക്കപ്പെടുന്നവർക്ക് പെർഫോമൻസ് അടിസ്ഥാനപ്പെടുത്തി മാത്രമേ ആ സ്ഥാനത്ത് തുടരാൻ മേലിൽ അനുവാദം നൽകുകയുള്ളു. ഉന്നത ഉദ്യോഗസ്ഥർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങൾ സർക്കാർ ഡിപ്പാർട്ടുമെന്റുകൾ വാങ്ങുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. ടെക്നോളജി അപ്ഗ്രഡേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റ് പരിഗണിക്കുന്നതാണ്. ബാങ്കുകൾക്ക് കൊടുത്തുതീർക്കാനുള്ള കടം സംബന്ധിച്ച് ഗവൺമെന്റ് ചർച്ച ചെയ്തു. അത് റീസ്ട്രക്ച്ചർ ചെയ്യുന്നതിനുള്ള പദ്ധതിക്കായി ബാങ്ക് മേധാവികളും വ്യവസായ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഒൺടൈം സെറ്റിൽമെന്റായി പണം അടച്ചുതീർക്കുന്നതിനുള്ള ബാദ്ധ്യത ഗവൺമെന്റുകൂടി ഏറ്റെടുത്ത് നടപ്പാക്കും. ഒരു പ്രാവശ്യം മാത്രമേ സഹായിക്കൂ. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പി ക്കുന്നതിന് മാസംതോറും പെർഫോമൻസ് റിപ്പോർട്ട് ലഭ്യമാക്കി വിശകലനം ചെയ്ത് വീഴ്ചയുള്ള മേഖല കണ്ടെത്തി ആയത് ശക്തിപ്പെടുത്തുന്നതിന് വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓരോ സ്ഥാപനത്തിന്റെയും പെർഫോമൻസ് മെച്ചപ്പെടുത്താൻ പ്രൊഡക്ടിവിറ്റി

യുമായി ലിങ്ക് ചെയ്തുകൊണ്ടുള്ള ഒരു സമീപനം അംഗീകരിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(2) കേരളത്തിൽ റെയിൽവേ സോൺ ആരംഭിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. മോൻസ് ജോസഫ്: റെയിൽവേയുടെ എല്ലാ വികസന കാര്യങ്ങൾക്കും മുഖ്യ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് റെയിൽവേ സോൺ ആണ്. കേരളത്തിൽ ഒരു റെയിൽവേ സോൺ ഇതുവരെ അനുവദിച്ചിട്ടില്ല. ഇൻഡ്യൻ റെയിൽവേയിൽ ഏറ്റവും കൂടുതൽ വരുമാനം നൽകുന്ന സംസ്ഥാനങ്ങളിലൊന്നായ കേരളത്തെ അവഗണിക്കുകയാണ്. ചെന്നൈ റെയിൽവേ സോണിന്റെ കീഴിലാണ് കേരള റെയിൽവേ പ്രവർത്തിക്കുന്നത്. കേന്ദ്രം അനുവദിക്കുന്ന തുക കേരളത്തിനുവേണ്ടി പ്ളാൻ ചെയ്യുന്നത് ഈ സോൺ വഴിയാണെന്നുള്ളതുകൊണ്ട് അനുവദിച്ചു കിട്ടുന്ന തുക ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യമാണ്. മലബാർ മേഖലകൂടി ഉൾപ്പെടുത്തി സേലം കേന്ദ്രമാക്കി സോൺ അനുവദിക്കാനുള്ള ഗൂഢനീക്കങ്ങൾ കേരളത്തിന്റെ സാദ്ധ്യത എന്നന്നേയ്ക്കുമായി ഇല്ലാതാക്കും. കേരളത്തിലുള്ള തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളിൽ ഒരെണ്ണം സേലത്തേയ്ക്ക് മാറ്റിയാൽ തിരുവനന്തപുരം മാത്രമായി തീരുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ ഒറ്റക്കെട്ടായ സമീപനം ആവശ്യമാണ്. 2006-ൽ പൂർത്തിയാക്കുമെന്ന് പ്രഖ്യാപിച്ച കായംകുളം-എറണാകുളം പാത ഇരട്ടിപ്പിക്കൽ പൂർത്തീകരിക്കാൻ അടിയന്തിര നടപടി ഉണ്ടാകണം. കായംകുളം-മാവേലിക്കര ഭാഗത്തെ കരാർ ഇതുവരെ ഉറപ്പിക്കാത്തതിനാൽ കായംകുളത്തിനും ചെങ്ങന്നൂരിനും ഇടയ്ക്കുള്ള നാല് പാലങ്ങളുടെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

കായംകുളം-എറണാകുളം പാത ഇരട്ടിപ്പിക്കൽ പൂർത്തിയാക്കുന്നതിലെ അനാസ്ഥ പരിഹരിച്ചാൽ ട്രെയിനുകൾ യഥാസമയം എത്തിച്ചേരും. ആലപ്പുഴയിലേയ്ക്ക് പോകുന്ന റെയിൽവേ ലൈൻ ഇരട്ടിപ്പിക്കൽ കോട്ടയം വഴിയുള്ള ഡബ്ളിംഗ് പൂർത്തിയാക്കിയതിനുശേഷം തുടങ്ങുമെന്നാണ് അറിയാൻ കഴിഞ്ഞത്. കോട്ടയം വഴിയുള്ള എറണാകുളം-കായംകുളം പാത ഇരട്ടിപ്പിക്കൽ എങ്ങും എത്താത്ത സാഹചര്യത്തിൽ ഇത് ഒരിക്കലും നടക്കില്ല. റെയിൽപാതകളുടെ നിർമ്മാണ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അവഗണന കാട്ടുകയാണ്. അങ്കമാലിയിൽനിന്നും ശബരിമലയിലേയ്ക്കുള്ള തീവണ്ടിപ്പാത നിർമ്മിക്കുന്നതിന് ഫണ്ട് ലഭ്യമായിട്ടുണ്ട്; സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് നടപടി ഉണ്ടാകണം. കൊച്ചിയിലെ മെട്രോ ട്രെയിൻ യാഥാർത്ഥ്യമാക്കണം. മലബാറിന്റെ റെയിൽവേ വികസനരംഗം അവഗണിക്കപ്പെട്ടിരിക്കുകയാണ്. വർഷങ്ങളായി കേരളം ആവശ്യപ്പെട്ടിരുന്ന തലശ്ശേരി-മൈസൂർ റെയിൽപ്പാത മലബാറിന്റെ വികസനത്തിന് ഏറ്റവും പ്രധാനപ്പെട്ടതാണ്; സംസ്ഥാന വിഹിതം നൽകി പ്രവർത്തനം ആരംഭിക്കാൻ നടപടി ഉണ്ടാകണം. നിലവിലുള്ള ട്രെയിനുകളുടെ സ്ഥിതി ദയനീയമാണ്. സംസ്ഥാനത്തിന് പുതിയ ട്രെയിനുകൾ ലഭിച്ചിട്ടില്ല. കേരളത്തിൽ സ്ഥാപിക്കുമെന്നു പറഞ്ഞ കോച്ച് ഫാക്ടറി പഞ്ചാബിലാണ് സ്ഥാപിച്ചത്. കേരളത്തിന് റെയിൽവേ രംഗത്ത് കിട്ടേണ്ട യാതൊരു പരിഗണനയും ലഭിക്കുന്നില്ല. ഇക്കാര്യത്തിൽ ശക്തമായ ഇടപെടൽ ആവശ്യമാണ്. കേരളത്തിന് അർഹതപ്പെട്ട റെയിൽവേ സോൺ യാഥാർത്ഥ്യമാക്കുന്നതിന് കേന്ദ്രത്തിൽ ഇടപെടണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വികസന വിഷയമാണിത്. കേരളത്തിന്റെ റെയിൽവേ

വികസനത്തിന് ഇത്രയും അനുകൂലമായ സാഹചര്യം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. കേരളത്തിന്റെ റെയിൽവേ വികസനം സാധ്യമാക്കുക എന്നത് പ്രാധാന്യമർഹിക്കുന്നതാണ്. കേരളത്തിന് മാത്രമായി ഒരു പ്രത്യേക റെയിൽവേ സോൺ അനുവദിക്കുന്നതിനുവേണ്ടി വർഷങ്ങളായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയാണ്. തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകൾ ചെന്നൈ ആസ്ഥാനമാക്കിയുള്ള സതേൺ റെയിൽവേയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ സോണുകൾക്കും കോച്ചുകൾക്കും വിഹിതം ഒരുമിച്ചാണ് അനുവദിക്കുന്നത്. പ്രത്യേക സോണില്ലാത്തതുകൊണ്ട് സംസ്ഥാന വിഹിതം കുറയുകയും വികസനം തടസ്സപ്പെടുകയും ചെയ്യുന്നു. തെക്കൻ സംസ്ഥാനങ്ങളുമായി താരതമ്യ പ്പെടുത്തുമ്പോൾ കേരളത്തിൽ ട്രെയിൻ യാത്രക്കാരുടെ എണ്ണം വളരെ കൂടുതലും കേരളത്തിൽനിന്നും ഇ.പി.കെ.എം. മറ്റ് സംസ്ഥാനത്തെക്കാൾ ഇരട്ടിയുമാണ്. മറ്റ് സംസ്ഥാനങ്ങളിലുണ്ടാകുന്ന വികസനം റെയിൽവേ രംഗത്ത് കേരളത്തിലുണ്ടായിട്ടില്ല. കൊച്ചിയിലെ മെട്രോ റെയിൽ സംവിധാനം സംസ്ഥാനത്തിന്റെ സ്വപ്നമാണ്. സമഗ്ര റെയിൽവേ വികസനം നേടിയെടു ക്കുന്നതിന് കേരളത്തിൽ ഒരു റെയിൽവേ സോൺ ആവശ്യമാണ്. പ്രസ്തുത സോൺ അനുവദിച്ചുകിട്ടുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ നിരന്തര സമ്മർദ്ദം ചെലുത്തുകയാണ്. ഇതിനായി സംസ്ഥാനത്തെ എം.പി.മാർ ഒറ്റക്കെട്ടായിനിന്ന് നടപടി സ്വീകരിക്കണം. മാവേലിക്കര-ചെങ്ങന്നൂർ, കായംകുളം-ഹരിപ്പാട് പാതകളുടെ ഇരട്ടിപ്പിക്കൽ പണി ആരംഭിച്ചുകഴിഞ്ഞു. മുളന്തുരുത്തി-കുറുപ്പന്തറ-ചിങ്ങവനം-ചെങ്ങന്നൂർ പാത ഇരട്ടിപ്പിക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പാത ഇരട്ടിപ്പിക്കുന്നതിന് എത്രയും പെട്ടെന്ന് നടപടി

സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വർഷത്തെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ എടപ്പള്ളി-ഗുരുവായൂർ, ശബരിമല-ചെങ്ങന്നൂർ റെയിൽപ്പാതകൾക്ക് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. സർവ്വേ ഉടൻ ആരംഭിക്കാൻ റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. തലശ്ശേരി-മൈസൂർ, അങ്കമാലി-ശബരിമല റെയിൽപ്പാതകളുടെ കാര്യം കേന്ദ്ര മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. റെയിൽവേ രംഗത്തെ വൈദ്യുത പദ്ധതികൾക്കാവശ്യമായ തുക ലഭ്യമാക്കാൻ പ്രധാനമന്ത്രിയേയും കേന്ദ്ര റെയിൽവേ മന്ത്രിയേയും നേരിൽക്കണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. എം.പി.മാർ മുഖേന കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി സംസ്ഥാനത്തിന് അനുയോജ്യമായ തീരുമാനങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കും. കേരളത്തിന്റെ റെയിൽവേ വികസനത്തിന് ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മഹാരാഷ്ട്ര മോഡലിൽ ഒരു റെയിൽവേ ഡെവലപ്മെന്റ് കോർപ്പറേഷൻ കേരളത്തിൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കും.

**പ്രത്യേക പരാമർശം**

(1) 13.10.2006-ന് നടത്താനിരിക്കുന്ന കേരളോത്സവം പരിപാടി മാറ്റിവയ്ക്കണമെന്ന ആവശ്യം

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): 13-10-2006-ന് കേരളത്തിൽ കൊതുക് നിവാരണ പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം, ശുചിത്വം എന്നിവ പാലിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുള്ള പരിപാടി സംഘടിപ്പിച്ചിരിക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം ത്രിതല പഞ്ചായത്തുകളാണ്. ഈ ദുരന്തത്തിൽനിന്നും രക്ഷപ്പെടുന്നതുവരെ

ഈ പരിപാടി തുടരേണ്ടതുള്ളതുകൊണ്ട് അതിന് തടസ്സം നേരിടാതിരിക്കാൻ കേരളോത്സവം പരിപാടി മാറ്റി വയ്ക്കാൻ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): ഒരു നിശ്ചിത കലണ്ടറിന്റെ അടിസ്ഥാനത്തിലാണ് കേരളോത്സവത്തിന് ദിവസം നിശ്ചയിച്ചത്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ പുനരാലോചന നടത്തി ശുചീകരണത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട് കേരളോത്സവം പരിപാടി മാറ്റി വയ്ക്കുന്നതിന് വേണ്ട ക്രമീകരണം നടത്താം.

(2) മലബാറിൽനിന്നുള്ള എം.എൽ.എ.മാർക്കും പി.എ.മാർക്കും ട്രെയിനിൽ ബർത്ത് അനുവദിക്കണമെന്ന ആവശ്യം

ശ്രീ.യു.സി.രാമൻ: മലബാറിൽനിന്നും ട്രെയിനിൽ വരുന്ന എം.എൽ.എ. മാർക്കും അവരുടെ പി.എ.മാർക്കും ബർത്ത് അനുവദിച്ചു കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): റെയിൽവേ ഡിവിഷണൽ മാനേജരുമായി ഇക്കാര്യം ചർച്ച ചെയ്തു. ഇത് സംബന്ധിച്ച് ഒരു യോഗം വിളിക്കാം. എം.എൽ.എ. മാരുടെ പി.എ.മാരുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും റെയിൽവേ അധികൃതരുമായി ചർച്ച ചെയ്യാം.

(3) സീനിയർ സിറ്റിസൺസിന് ലഭിക്കുന്ന ആനുകൂല്യം എം.എൽ.എ.മാർക്കും ലഭ്യമാക്കണമെന്ന ആവശ്യം

ശ്രീ. ആര്യാടൻ മുഹമ്മദ്: കാശ് കൊടുത്ത് ടിക്കറ്റ് എടുക്കുന്ന സീനിയർ സിറ്റിസൺസിന് ലഭിക്കുന്ന ആനുകൂല്യം കൂപ്പൺ കൊടുത്ത് ടിക്കറ്റ് എടുക്കുന്ന എം.എൽ.എ.മാർക്കും ലഭ്യമാക്കണം. കൂപ്പണുകൾ

റീഫണ്ട് ചെയ്യുന്നതിൽ എം.എൽ.എ.മാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അടിയന്തിര പ്രാധാന്യം നൽകി നടപടി സ്വീകരിക്കാം.

(4) നിയമസഭയിൽ വിതരണം ചെയ്യുന്ന ബില്ലുകളുടെ ഇംഗ്ളീഷ് കോപ്പിയോടൊപ്പം മലയാളം കോപ്പികളും ലഭ്യമാക്കണമെന്ന ആവശ്യം

ശ്രീ. സി.പി. മുഹമ്മദ്: നയരേഖ, ബില്ലുകൾ എന്നിവയുടെ ഇംഗ്ളീഷ് കോപ്പിയോടൊപ്പം മലയാളം കോപ്പികളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മലയാളം ഔദ്യോഗിക ഭാഷയാക്കണമെന്ന നിർദ്ദേശം നിയമസഭയിലും പ്രാവർത്തികമാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): വിവിധ വകുപ്പുകൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. സഭാനടപടികളിൽ കൂടുതൽ മലയാളം ഉപയോഗിക്കുന്നതിന് ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തുനിന്നും നിർദ്ദേശമുണ്ടാകണം.

മി. സ്പീക്കർ: പല ഘട്ടങ്ങളിലും സഭയിൽ ഉന്നയിച്ച കാര്യമാണ്. ഇത് സംബന്ധിച്ച് റൂളിംഗും ഉണ്ടായിട്ടുണ്ട്. അത് വേണ്ടത്ര പാലിക്കപ്പെടാത്തത് ഖേദകരമാണ്. മലയാള ഭാഷയിലുള്ള ബില്ലുകൾ വിതരണം ചെയ്യണം. സർക്കാർ തലത്തിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. സഭയിൽ അംഗങ്ങൾക്ക് വിതരണം ചെയ്യുന്ന സർക്കാർ രേഖകൾ മലയാളത്തിലാക്കുന്നതിന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**സബ്മിഷൻ**

(1) <u>സുനിൽകുമാറിന്റെ മോചനം</u>

<u>ശ്രീ. എൻ. രാജൻ</u>: യു.എ.ഇ.യിലെ ജയിലിൽ കഴിയുന്ന ചിറയിൻകീഴ് നാവായിക്കുളം പഞ്ചായത്തിൽ ഡീസന്റ് മുക്കിൽ സുനിൽ ഭവനിൽ സുനിൽകുമാറിനെ മോചിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ.വി.എസ്.അച്ചുതാനന്ദൻ):</u> ഗൾഫ് രാജ്യങ്ങളിൽ ജയിലിൽ കഴിയുന്ന മലയാളി തടവുകാരെപ്പറ്റി സർക്കാരിന് വിവരം ലഭിച്ചാൽ അതാതു രാജ്യങ്ങളിലെ എംബസ്സികളുമായി ബന്ധപ്പെട്ട് അവരെ മോചിപ്പിക്കാൻ നിയമസഹായവും സാമ്പത്തികസഹായവുമടക്കമുള്ള കാര്യങ്ങൾ ചെയ്യാൻ നോർക്ക നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നാവായിക്കുളം സ്വദേശിയായ സുനിൽകുമാർ യു.എ.ഇ. ജയിലിൽ നിന്നു സർക്കാരിനെഴുതിയ കത്ത് 8–9–2006–ൽ നോർക്കയ്ക്ക് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് നീതി ലഭിക്കാൻ നടപടി സ്വീകരിക്കണെമെന്നാവശ്യപ്പെട്ടുകൊണ്ട് 12–9–06–ന് ദുബായ് കൗൺസിൽ ജനറലിന് കത്തെഴുതുകയും ടെലഫോണിൽ ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലെ നിയമങ്ങൾ കർശനമായതുകൊണ്ട് അതിനനുസൃതമായി മാത്രമേ നടപടി എടുക്കാൻ കഴിയുകയുള്ളൂ. ദുബായ് ഇൻഡ്യൻ കോൺസുലേറ്റിൽനിന്നും വിവരം ശേഖരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>പകർച്ചവ്യാധികൾ തടയുന്നതിന് കേന്ദ്ര പാക്കേജ്.</u>

<u>ശ്രീ. കെ.സി. വേണുഗോപാൽ</u>: ആലപ്പുഴ ജില്ലയിൽ കൊതുകുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതായിട്ടാണ് കേന്ദ്ര സംഘത്തിന്റെ പഠന റിപ്പോർട്ട്. ചേർത്തലയിൽ മന്തുരോഗ ഗവേഷണത്തിനുവേണ്ടി

വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന വി.സി.ആർ.സി. പുന:സ്ഥാപിക്കാമെന്ന് കേന്ദ്രമന്ത്രി പ്രഖ്യാപിച്ച സാഹചര്യത്തിൽ പൂനൈ മോഡലിൽ ആ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയും വെള്ളക്കെട്ട് തടഞ്ഞ് കൊതുകുകൾ പെരുകുന്ന സാഹചര്യം ഒഴിവാക്കുകയും വേണം. കേന്ദ്ര ഗവണ്മെന്റിന്റെ സഹായത്തോടെ കേരളത്തിന് സമഗ്രമായൊരു ആരോഗ്യ പാക്കേജ് നേടിയെടുക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): പകർച്ചവ്യാധികൾ തടയുന്നതിനായി കേന്ദ്രഗവണ്മെന്റ് സമഗ്രമായൊരു പാക്കേജ് പ്രഖ്യാപിച്ച വിവരം പത്രമാധ്യമങ്ങളിൽക്കൂടി അറിഞ്ഞതല്ലാതെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല. 11–10–2006–ൽ ഡൽഹിയിൽ ചേരുന്ന ആരോഗ്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാന ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി കേരളത്തിന്റെ ആവശ്യം കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പരമാവധി സഹായം നേടാൻ ശ്രമിക്കുന്നതാണ്.

(3) ഉഴവൂർ കെ.ആർ.നാരായണൻ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന് കെട്ടിടവും മറ്റു സൗകര്യങ്ങളും.

ശ്രീ.കെ.എം.മാണി: അന്തരിച്ച മുൻ പ്രസിഡന്റ് കെ.ആർ. നാരായണന്റെ സ്മരണയ്ക്കായി ഉഴവൂരിൽ പ്രവർത്തിച്ചുവരുന്ന പബ്ളിക് ഹെൽത്ത് സെന്റർ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി അപ്ഗ്രേഡ് ചെയ്യുന്നതിനായി മെഡിക്കൽ എക്വിപ്മെന്റ്സ് വാങ്ങാൻ 75 ലക്ഷം രൂപയ്ക്കും കെട്ടിടം നിർമ്മിക്കുന്നതിന് രണ്ടേമുക്കാൽ കോടി രൂപയ്ക്കും അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയെങ്കിലും ഇതിനുള്ള തുക ഇതുവരെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. അടുത്ത സപ്ളിമെന്ററി

ഡിമാൻഡിൽ തുക വകയിരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): 56 കിടക്കകളുള്ള ഉഴവൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ 150 കിടക്കകളുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കാനും എക്വിപ്മെന്റ്സ് വാങ്ങാനും ആവശ്യമായ തുക ഈ വർഷം തന്നെ അനുവദിക്കുന്നതാണ്.

(4) കോഴിക്കോട് ബീച്ച് ആശുപത്രിയിലെ ഡോക്ടർമാർ കൈക്കൂലി ആവശ്യപ്പെട്ടതു സംബന്ധിച്ച്.

ശ്രീ.യു.സി.രാമൻ: കോഴിക്കോട് ബീച്ച് ആശുപത്രിയിൽ ചികിൽസയ്ക്കായി എത്തിയ രോഗികളിൽ നിന്ന് കൈക്കൂലി ആവശ്യപ്പെട്ട ഡോ.ഗോപാലകൃഷ്ണൻ, ഡോ.രാംദാസ് എന്നിവർക്കെതിരെ കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ബീച്ച് ഹോസ്പിറ്റലിലെ ഡോ.ഗോപാലകൃഷ്ണൻ, ഡോ.രാംദാസ് എന്നിവർ കൈക്കൂലി വാങ്ങിയതു സംബന്ധിച്ചുള്ള പരാതികൾ യാഥാർത്ഥ്യമാണെന്ന് തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ അവരെ സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്താൻ അടിയന്തിരമായി ഉത്തരവ് നൽകുന്നതാണ്.

(5) കൽപ്പറ്റ മണ്ഡലത്തിലെ ആരോഗ്യമേഖലയുടെ പിന്നോക്കാവസ്ഥ.

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: ആരോഗ്യരംഗത്ത് കേരളത്തിൽ ഏറ്റവും പിന്നോക്കംനിൽക്കുന്ന വയനാട് ജില്ല ആശുപത്രികളുടെ എണ്ണത്തിലും ചികിൽസാ സൗകര്യങ്ങൾ, ഡോക്ടർമാർ, ജീവനക്കാർ എന്നീ

കാര്യങ്ങളിലും വളരെ പിറകിലാണ്. രണ്ട് വർഷം മുമ്പ് വയനാട് ജില്ലാ ആയുർവ്വേദാശുപത്രി 100 കിടക്കകളുള്ളതാക്കി ഉയർത്തിയെങ്കിലും അടിസ്ഥാന സൗകര്യങ്ങളും സ്റ്റാഫ് പാറ്റേണും ലഭ്യമാക്കിയില്ല. മെഡിക്കൽ ആഫീസറടക്കം 23 തസ്തികകൾ നികത്താനും ആയുർവ്വേദാശുപത്രികൾക്ക് സ്വന്തമായി കെട്ടിടം പണിയാനും വൈത്തിരി പഞ്ചായത്തിൽ ആയുർവ്വേദ ഡിസ്പെൻസറി സ്ഥാപിക്കാനും നടപടികൾ സ്വീകരിക്കണം. ഒരു മണ്ഡലത്തിൽ ഒരു മാതൃകാ ആശുപത്രി എന്ന പദ്ധതി നടപ്പാക്കുന്നതിന്റെ അടിസ്ഥാനത്തിലുള്ള തുക കൽപ്പറ്റയ്ക്ക് അനുവദിച്ചിട്ടില്ല. ആദിവാസികളും പട്ടികജാതി–പട്ടികവർഗ്ഗക്കാരും ഏറ്റവും കൂടുതലുള്ള വയനാട് ജില്ലയിലെ ആരോഗ്യരംഗത്തെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): വയനാട് ജില്ലയിലെ സർക്കാരാശുപത്രികളുടെ ശോച്യാവസ്ഥ കണക്കിലെടുത്ത് നിലവിലുള്ള മാനദണ്ഡങ്ങൾ മറികടന്ന് ആവശ്യമായ ഡോക്ടർമാരെയും നഴ്സുമാരെയും പോസ്റ്റ് ചെയ്തിട്ടുണ്ട്. വൈത്തിരി, കാപ്പുകുന്ന്, സുഗന്ധഗിരി എന്നിവിടങ്ങളിലെ ആശുപത്രികളിലും പി.എച്ച്.സി., സി.എച്ച്.സി., താലൂക്കാശുപത്രികൾ എന്നിവിടങ്ങളിലും ആവശ്യമായ ഡോക്ടർമാരെയും പാരാ മെഡിക്കൽ സ്റ്റാഫിനേയും നഴ്സുമാരെയും നിയമിക്കുകയും അവർക്ക് ആവശ്യമായ വേതനം കൊടുക്കുന്നതുൾപ്പെടെ എല്ലാ സൗകര്യങ്ങളും ചെയ്യുന്നതാണ്. കൽപ്പറ്റയിലെ ആശുപത്രിയെ മാതൃകാ ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള തീരുമാനവും എടുക്കുന്നതാണ്.

(6) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ പണി

ശ്രീ.എം.ജെ. ജേക്കബ്ബ്: 1974–ൽ പണിയാരംഭിച്ച മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന് 611 കോടി രൂപ ചെലവാക്കിയെങ്കിലും ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് സ്ക്കീമിൽപ്പെട്ട പദ്ധതികളും പിറവം ബ്രാഞ്ച് കനാലിന്റെ പണികളും ലിഫ്റ്റ് ഇറിഗേഷൻ അടക്കമുളള പണികളും അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ): പിറവം നിയോജകമണ്ഡലത്തിലെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാവശ്യമായ 684 കോടി രൂപയിൽ 538.29 കോടി രൂപ ഇതുവരെ ചെലവഴിച്ചു. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ, കരാറുകാരുടെ യോഗ്യതാ നിർണ്ണയം സംബന്ധിച്ചുളള തർക്കങ്ങൾ തുടങ്ങിയ കാരണങ്ങളാൽ പദ്ധതിയുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിൽ തടസ്സമുണ്ടായിട്ടുണ്ട്. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി ഇന്ന് ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ കോംപ്ളക്സിൽ ചേരുന്ന യോഗത്തിൽ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ നടന്ന മോഷണ ശ്രമം

ശ്രീ. കെ. ശിവദാസൻ നായർ: പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ ആയുധങ്ങൾ സൂക്ഷിച്ചിരുന്ന മുറിയുടെ ഭിത്തി രാത്രിയിൽ കുത്തിത്തുരന്ന് അകത്തുകടക്കാൻ മോഷ്ടാക്കൾ ശ്രമം നടത്തി. വ്യാപകമായ മോഷണം മൂലം ഗുരുതരമായ ഒരു സ്ഥിതിവിശേഷം കഴിഞ്ഞ കുറേ നാളുകളായി ഈ

ജില്ലയിൽ തുടരുകയാണ്. സ്റ്റേഷനിൽ നടന്ന മോഷണശ്രമത്തിന്റെ പേരിൽ പാറാവുനിന്ന പോലീസുകാരെ സസ്പെന്റ് ചെയ്തതു കൊണ്ടുമാത്രം ഉത്തരവാദിത്വം അവസാനിക്കുന്നില്ല. ആയുധങ്ങൾ നഷ്ടപ്പെട്ടാലുണ്ടാകുന്ന ഗുരുതരമായ സ്ഥിതിവിശേഷം കണക്കിലെടുത്ത് യഥാർത്ഥ കുറ്റക്കാരെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): പത്തനംതിട്ട പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ പുറകുവശത്തെ ഭിത്തി തുരന്ന് കഴിഞ്ഞ 9–ാം തീയതി വെളു പ്പിന് 3 മണിയോടുകൂടിയാണ് മോഷണശ്രമം നടന്നത്. പോലീസ് സ്റ്റേഷന്റെ പുറകുവശത്ത് ശബ്ദം കേട്ടെത്തിയ പാറാവുകാരൻ ഒരാളെ സംശയാസ്പദമായ സാഹചര്യത്തിൽ കാണുകയും പോലീസുകാരെ കണ്ടമാത്രയിൽ അയാൾ ഓടിപ്പോവുകയും ചെയ്തു. ആയുധങ്ങൾ സൂക്ഷിച്ചിരുന്ന മുറിയുടെ ഭിത്തി ഭാഗികമായി തുരന്നതായി പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. പോലീസ് സ്റ്റേഷനെതിരെ നടന്നിട്ടുള്ള സംഭവമെന്ന നിലയിൽ പ്രത്യേക പരിഗണന കൊടുക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. ഇന്ത്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തി വരികയാണ്. ഡ്യൂട്ടിയിലുണ്ടായിരുന്ന ഒരു ഹെഡ് കോൺസ്റ്റബിളിനേയും മൂന്ന് പോലീസുകാരേയും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. ജില്ലയിൽ നടക്കുന്ന മോഷണ സംഭവങ്ങളെക്കുറിച്ച് പ്രത്യേകമായി പരിശോധിക്കാൻ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(8) അരുവിക്കര കേന്ദ്രീകരിച്ച് പോലീസ് സ്റ്റേഷൻ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: പുതിയ പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ രണ്ട് വർഷം മുമ്പ് അരുവിക്കരയ്ക്ക് 6-ാം സ്ഥാനമുണ്ടായിരുന്നു. അരുവിക്കര ഗ്രാമ പഞ്ചായത്ത് സ്ഥിരമായ കെട്ടിടം പോലീസ് സ്റ്റേഷനുവേണ്ടി നൽകാൻ തീരുമാനിച്ചുവെങ്കിലും ഇപ്പോൾ മുൻഗണനാ ലിസ്റ്റിൽ അരുവിക്കരമാത്രം ഉപേക്ഷിക്കപ്പെട്ടു. ഡീ-ലിമിറ്റേഷൻ കമ്മിറ്റി തിരുവനന്തപുരം ജില്ലയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന നിയോജക മണ്ഡലങ്ങളിൽ അരുവിക്കരയും ഉൾപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ തിരുവനന്തപുരത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ അരുവിക്കര കേന്ദ്രീകരിച്ച് എത്രയും പെട്ടെന്ന് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): അരുവിക്കരയിൽ പോലീസ് സ്റ്റേഷൻ വേണമെന്ന ഒരു പ്രൊപ്പോസൽ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. മുൻഗണനാ ലിസ്റ്റിൽ ഇപ്പോൾ 23-ാം സ്ഥാനമാണ് അരുവിക്കരയ്ക്കുള്ളത്. പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 34 തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. കൂടാതെ വർഷം തോറും 24 ലക്ഷം രൂപയുടെ ആവർത്തനച്ചെലവും നാലര ലക്ഷം രൂപയുടെ അനാവർത്തനച്ചെലവും ഉണ്ടാകും. സാമ്പത്തിക പരിമിതിയാണ് മുഖ്യ തടസ്സം. ഗവൺമെന്റ് ഇക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

(9) കോവളം-പാറശ്ശാല ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്ന നടപടി

ശ്രീ. ജോർജ് മേഴ്സിയർ: ദേശീയ പാതയുടെ വികസനത്തിന്റെ ഭാഗമായി കോവളം മുതൽ മുക്കോല വരെയുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടികൾ

പൂർത്തീകരിച്ചെങ്കിലും കോട്ടുകാൽ, കാഞ്ഞിരംകുളം വില്ലേജുകളിൽപ്പെട്ട ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ഈ ദേശീയപാത വികസനത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തണം. വിഴിഞ്ഞം, കോട്ടുകാൽ വില്ലേജുകളിൽ ഏറ്റെടുത്ത ഭൂമിക്ക് അടിയന്തിരമായി വില നൽകാനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): കോവളം-പാറശ്ശാല ദേശീയപാതയുടെ വികസനത്തിനായി ലാന്റ് അക്വിസിഷൻ ജോലികൾക്കായുള്ള നടപടി വിഴിഞ്ഞത്ത് റീച്ച് ഒന്നായും കോട്ടുകാൽ വില്ലേജിൽ റീച്ച് രണ്ടായും കാഞ്ഞിരംകുളം വില്ലേജിൽ റീച്ച് മൂന്നായും ചെയ്തുവരുന്നു. റീച്ച് ഒന്നിന്റെ അവാർഡ് 25-2-06-ൽ പാസ്സാക്കി നാഷണൽ ഹൈവേ അധികാരികൾക്ക് ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. റീച്ച് രണ്ടിന്റേയും മൂന്നിന്റേയും ഭൂമി താമസംവിനാ ഏറ്റെടുത്ത് നൽകുന്നതാണ്. നിലവിലുള്ള ജീവനക്കാരെ വച്ചാണ് ഈ ജോലി ചെയ്തത്. ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി എത്രയും വേഗം ഭൂമി ഏറ്റെടുക്കൽ നടപടി സ്വീകരിക്കുന്നതും അതിനാവശ്യമായ പണം അനുവദിക്കുന്നതുമാണ്. എതിർപ്പുകൾ ഉണ്ടാകുന്നതിനാൽ ഭൂമി ഏറ്റെടുക്കുന്നതിന് ജനപ്രതിനിധികൾ ഉൾപ്പെടെ എല്ലാവരുടെയും സഹകരണം ആവശ്യമാണ്.

(10) ആലത്തൂരിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

ശ്രീ. എം. ചന്ദ്രൻ: ആലത്തൂരിലെ സർക്കാർ ആഫീസുകൾ പലതും ചോർന്നൊലിക്കുന്ന കെട്ടിടങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. പുതിയ സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ തീരുമാനമെടുത്ത് പ്രഖ്യാപിക്കപ്പെട്ട സ്ഥലങ്ങളിൽ ആലത്തൂരും ഉൾപ്പെടും. എന്നാൽ അവിടെ റവന്യൂ വകുപ്പിന്റെ കൈവശം സ്ഥലമില്ലാത്തതുകൊണ്ട് ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഒരു

ഏക്കർ എഴുപത്തിയൊന്ന് സെന്റ് സ്ഥലത്തിൽ നിന്നും എഴുപത് സെന്റ് സ്ഥലം സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ അനുവദിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ): ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുള്ളതുമാണ്. അവിടെ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഒരു ഏക്കർ എഴുപത്തിയൊന്ന് സെന്റ് ഭൂമിയിൽ ഇപ്പോൾ ആവശ്യപ്പെടുന്ന എഴുപത് സെന്റിൽ കനാൽ സെക്ഷന്റെ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസ് പ്രവർത്തിക്കുകയാണ്. പ്രസ്തുത ആഫീസ് കൂടി ഉൾപ്പെടുത്തി സിവിൽ സ്റ്റേഷന്റെ നിർമ്മാണം പ്ളാൻ ചെയ്യുകയാണെങ്കിൽ ഈ സ്ഥലം വിട്ടുകൊടുക്കുന്നതിനെ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതാണ്.

(11) കെ.എസ്.ടി.പി. ഏറ്റെടുത്ത പുനലൂർ-മൂവാറ്റുപുഴ റോഡ് നിർമ്മാണം

ശ്രീ.രാജു എബ്രഹാം: കെ.എസ്.ടി.പി. ഏറ്റെടുത്ത പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ സ്ഥിതി വളരെ ശോചനീയമാണ്. 10 നിയോജകമണ്ഡലങ്ങളിൽക്കൂടി കടന്നുപോകുന്ന ഈ റോഡിൽ ശബരിമല സീസണാകുമ്പോൾ കുഴി അടയ്ക്കുക മാത്രമാണ് ചെയ്യുന്നത്. ഇതു സംബന്ധിച്ച് ചർച്ച ചെയ്യാൻ 10 നിയോജകമണ്ഡലങ്ങളിലെയും ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു അടിയന്തിര യോഗം വിളിക്കാൻ സർക്കാർ തയ്യാറാകണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.റ്റി.യു.കുരുവിള): പുനലൂർ-മൂവാറ്റുപുഴ റോഡിൽ തൊടുപുഴ മുതൽ മൂവാറ്റുപുഴ വരെയുള്ള കെ.എസ്.ടി.പി.യുടെ പണി തീർത്തുകൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള ഭാഗം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 42.3 കി.മീ. നീളത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. ടെന്റർ ക്ഷണിക്കുവാൻ ലോക

ബാങ്കിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ബാക്കി പണികൾ അറേഞ്ച് ചെയ്യുന്നതാണ്. പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുന്നതാണ്. 10 നിയോജകമണ്ഡലങ്ങളിലെ ജനപ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു യോഗം വിളിച്ച് ചർച്ച ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(12) <u>വർക്കല-കാപ്പിൽ ടി.എ. മജീദ് മെമ്മോറിയൽ റോഡിന്റെ ശോച്യാവസ്ഥ</u>

<u>ശ്രീ. വർക്കല കഹാർ</u>: ദിവസവും നൂറ് കണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന വർക്കല-കാപ്പിൽ ടി.എ. മജീദ് മെമ്മോറിയൽ റോഡിന്റെ ശോച്യാവസ്ഥ കാരണം തീരദേശ റോഡിലൂടെയുള്ള ഗതാഗതം സ്തംഭിച്ചിരിക്കുകയാണ്. സുനാമി ദുരന്തത്തിൽ അവിടെയുണ്ടായിരുന്ന പാലം നശിച്ചതിനാൽ അതുവഴിയുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസും ഇപ്പോൾ നിർത്തലാക്കി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ടരക്കോടി രൂപയുടെ എ.ഡി.ബി. ധനസഹായത്തോടെയുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ഈ റോഡിന്റെ പണി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ.റ്റി.യു.കുരുവിള)</u>: വർക്കല-കാപ്പിൽ ടി.എ.മജീദ് മെമ്മോറിയൽ റോഡിന്റെ വീതി കൂട്ടൽ, ഉപരിതലം പുതുക്കൽ, പാലത്തിന്റെ പുനരുദ്ധാരണം, അത്യാവശ്യമായ റോഡ് നിർമ്മാണം, സംരക്ഷണ ഭിത്തി നിർമ്മിക്കൽ എന്നീ പ്രവൃത്തികൾക്കായി 2.29 കോടി രൂപയുടെ എസ്റ്റിമേറ്റിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. സുനാമി പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി എ.ഡി.ബി. ധനസഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ ടെന്റർ സുനാമി പ്രോജക്ട്

മാനേജുമെന്റ് യൂണിയന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(13) മടപ്പള്ളി ഗവൺമെന്റ് കോളേജിന്റെ ശോച്യാവസ്ഥ

ശ്രീ. എം. കെ. പ്രേംനാഥ്: വടകര നിയോജകമണ്ഡലത്തിലെ 50 വർഷത്തിലധികം പഴക്കമുള്ള മടപ്പള്ളി ഗവൺമെന്റ് കോളേജിന്റെ സ്ഥിതി ശോച്യാവസ്ഥയിലാണ്. അവിടെ എം.എ. ഇംഗ്ളീഷ്, ബി.കോം എന്നിവയ്ക്ക് ഓരോ പുതിയ ബാച്ചും ആർട്ട്സ് ആന്റ് സയൻസിന് കൂടുതൽ കോഴ്സുകളും ആരംഭിക്കണം. ആർട്ട്സ് ആന്റ് സയൻസിന് രണ്ട് കെട്ടിടമാണ് അവിടെയുള്ളത്. സയൻസ് വിഭാഗത്തിന്റെ കെട്ടിടം പൂർണ്ണമായി തകർന്നിരിക്കുകയാണ്. അതുപോലെ ചുറ്റുമതിൽ, ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ തുടങ്ങിയവ അടിയന്തിരമായി ഉണ്ടാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): മടപ്പള്ളി ഗവൺമെന്റ് കോളേജിന് 2006–07 സാമ്പത്തിക വർഷത്തിൽ നീക്കിവച്ച തുകയിൽ നിന്നും അറ്റകുറ്റപ്പണിക്ക് 2,00,000 രൂപയും മാച്ചിംഗ് ഗ്രാന്റായി 1,47,900 രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ കോളേജ് വികസന സമിതി നിധിയും കോളേജിന്റെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കാവുന്നതാണ്. ചുറ്റുമതിൽ കെട്ടുക, സയൻസ് വിഭാഗത്തിന്റെ കെട്ടിടം പുതുക്കി പണിയുക എന്നീ ആവശ്യങ്ങൾക്ക് ഈ തുക വിനിയോഗിക്കാം. ഗവൺമെന്റ് കോളേജിലും ഗവൺമെന്റ് സഹായത്തോടുകൂടി പ്രവർത്തിക്കുന്ന കോളേജുകളിലും വേണ്ടത്ര പരിശോധനകളോ സാധ്യതാന്വേഷണങ്ങളോ കൂടാതെ കോഴ്സുകൾ അനുവദിക്കുന്ന ഒരു സമ്പ്രദായം ഉണ്ടായിരുന്നു. ഈ ഗവൺമെന്റ് അത്തരം ഒരു സമീപനമെടുക്കാൻ ഉദ്ദേശിക്കുന്നില്ല. ഒരു ഉന്നത വിദ്യാഭ്യാസ

സമിതിയുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ സാധ്യതകൾ നോക്കി പുതിയ പാഠ്യ പദ്ധതികൾ അനുവദിക്കാനാണ് തീരുമാനം. അതിന്റെ ഭാഗമായി മടപ്പള്ളി ഗവൺമെന്റ് കോളേജിലെ പുതിയ കോഴ്സുകളുടെ കാര്യവും പരിഗണിക്കുന്നതാണ്.

(14) സ്വകാര്യ കമ്പനിക്ക് കരിമണൽ ഖനനത്തിന് അനുമതി

ശ്രീ. ടി.എൻ.പ്രതാപൻ: കരിമണൽ ഖനനം സ്വകാര്യ മേഖലയ്ക്ക് നൽകുന്നതിനുള്ള നീക്കത്തിനെതിരെ കക്ഷി രാഷ്ട്രീയത്തിനതീതമായി ബഹുജനപ്രക്ഷോഭം സംഘടിപ്പിച്ചാണ് കഴിഞ്ഞ സർക്കാരിനെ അതിൽ നിന്ന് പിൻതിരിപ്പിച്ചത്. എന്നാൽ ഇപ്പോൾ കരിമണൽ ഖനനത്തിനുള്ള അനുമതി പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.ക്ക് കൊടുക്കാതെ ആലുവയിലെ ഒരു സ്വകാര്യ സ്ഥാപനത്തിന് നൽകിയ ഉത്തരവ് ക്യാൻസൽ ചെയ്യണം. അതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച നയവും നടപടിക്രമങ്ങളുമനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾക്കും സംയുക്ത സംരംഭങ്ങൾക്കും മൂല്യ വർദ്ധിത വസ്തുക്കൾ ഉൽപ്പാദിപ്പിക്കാൻവേണ്ടി ഖനനാനുമതി നൽകാവുന്നതാണെന്ന ഉത്തരവിൻപ്രകാരം മൈനിംഗിന് സ്ഥലം അനുവദിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി., ഐ.ആർ.ഇ. എന്നീ പൊതുമേഖലാ സ്ഥാപനങ്ങളും ചേർന്ന് രൂപീകരിച്ച കെ.ആർ.ഇ.എം.എൽ. എന്ന ജോയിന്റ് വെഞ്ചർ കമ്പനി നൽകിയ അപേക്ഷ പരിഗണിച്ച് ഖനനാനുമതിക്ക് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് 2-1-2006-ൽ ശുപാർശ ചെയ്യുകയും അതിൽ ക്ളാരിഫിക്കേഷൻ ആവശ്യപ്പെട്ടുകൊണ്ട് 20-3-2006-ന് സംസ്ഥാന ഗവൺമെന്റിന് കത്ത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. 7-4-2006-ൽ സംസ്ഥാന ഗവണ്മെന്റ് നൽകിയ മറുപടിയിൽ

കെ.ആർ.ഇ.എം.എൽ. എന്ന കമ്പനിക്ക് ഖനനാനുമതി നൽകണമെന്ന് ശുപാർശ ചെയ്തിരുന്നു. ഇതിന്മേൽ കേന്ദ്ര ഖനി മന്ത്രാലയം യാതൊരു തീരുമാനവും സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ കമ്പനിക്കോ ജോയിന്റ് വെഞ്ചർ കമ്പനിക്കോ കരിമണൽ ഖനനാനുമതി നൽകുകയോ അതിനായി കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ യാതൊരു നടപടിയും കൈക്കൊള്ളേണ്ടതില്ല എന്ന് 28-7-2006-ന് കേന്ദ്ര ഗവൺമെന്റിന് എഴുതിയിട്ടു ണ്ട്. ഐ.ആർ.ഇ.യ്ക്കുള്ള ഖനനാനുമതി നിരസിച്ചപ്പോൾ പ്രസ്തുത കമ്പനി സമർപ്പിച്ച അപ്പീൽ ഈ സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുക യുണ്ടായി. ഒരു സാഹചര്യത്തിലും സ്വകാര്യ കമ്പനികൾക്ക് കേരള തീരത്ത് കരിമണൽ ഖനനത്തിന് അനുമതി നൽകേണ്ടതില്ല എന്നാണ് ഈ സർക്കാരിന്റെ ഖണ്ഡിതമായ നിലപാട്.

(15) താമരശ്ശേരി ചുരം റോഡിന്റെ ശോച്യാവസ്ഥ

ശ്രീ. പി. കൃഷ്ണപ്രസാദ്: കോഴിക്കോടുനിന്ന് ബാംഗ്ളൂരിലേയ്ക്ക് പോകുന്ന താമരശ്ശേരി ചുരം റോഡ് ബി.എം.ആന്റ് എ.സി. മെത്തേഡ് പ്രകാരം 15 ദിവസത്തിനകം പൂർണ്ണമായും ഗതാഗതയോഗ്യമാക്കാനാവശ്യ മായ അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.റ്റി.യു. കുരുവിള): താമരശ്ശേരി റോഡിന്റെ 38 ലക്ഷം രൂപയ്ക്കുള്ള അറ്റകുറ്റപ്പണി തുടങ്ങിയെങ്കിലും തുടർച്ചയായ മഴ കാരണം ടാറുപയോഗിച്ചുള്ള അറ്റകുറ്റപ്പണികൾ ചെയ്യാൻ ഇതുവരെ സാധിച്ചിട്ടില്ല. ഈ പണികൾ 15 ദിവസത്തിനുള്ളിൽ തീർക്കുന്നതാണ്.

(16) അമ്പലം-മങ്കൊമ്പ്-പാലാ പ്രൈവറ്റ് ബസ്സ് അപകടം

ശ്രീ. പി. സി. ജോർജ്: 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള പൊതു വാഹനങ്ങൾ റോഡിലിറക്കാൻ പാടില്ലെന്ന് സുപ്രീം കോടതിയുടെ നിർദ്ദേശ മുണ്ട്. അമ്പലം-മങ്കൊമ്പ്-പാലാ റൂട്ടിൽ സർവ്വീസ് നടത്തുന്ന പഴക്കംചെന്ന പ്രൈവറ്റ് ബസ് മറിഞ്ഞ് 40-ഓളം പേർ പരിക്കുപറ്റി വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. പരിക്കേറ്റവർക്ക് ചികിത്സാസഹായം നൽകാനുള്ള നടപടി സ്വീകരിക്കണം. ഹൈറേഞ്ച് മേഖലകളിൽ 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ബസ്സുകൾ ഓടിക്കാൻ പാടില്ലെന്ന നിർദ്ദേശം നൽകുകയും സമ യാസമയം ഇതുസംബന്ധിച്ച പരിശോധന നടത്തുകയും ചെയ്യണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : അമ്പലം-മങ്കൊമ്പ്-പാലാ റൂട്ടിൽ ഡ്രൈവർ അശ്രദ്ധയായി ബസ് ഓടിച്ചതിന്റെ ഫലമായി റോഡിലെ വളവിലിടിച്ച് 32 പേർക്ക് പരിക്കേറ്റു എന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അപകട ത്തിൽ പരിക്കേറ്റ 30 പേരെ പ്രാഥമിക ശുശ്രൂഷ നൽകി വിട്ടയയ്ക്കുകയും തലയ്ക്ക് പരിക്കേറ്റ ഡ്രൈവറെയും മറ്റ് യാത്രക്കാരെയും മെഡിക്കൽ കോളേജിലും മറ്റ് ആശുപത്രികളിലുമായി പ്രവേശിപ്പിക്കുകയും ചെയ്തു. അപകടങ്ങൾ ഒഴിവാക്കാൻ മോട്ടോർ വാഹന നിയമം കർശനമായി നടപ്പിലാ ക്കാൻ നിർദ്ദേശം നൽകുന്നതാണ്. ഹൈറേഞ്ചുകളിൽ നല്ല കണ്ടീഷനിലുള്ള വാഹനങ്ങൾ ഓടിക്കാൻ നിർദ്ദേശം നിൽകിയിട്ടുണ്ട്. മറ്റ് വകുപ്പുകളുമായി ആലോചിച്ചശേഷം സാമ്പത്തികസഹായം ലഭ്യമാക്കുന്ന കാര്യം പരിഗണി ക്കുന്നതാണ്.

(17) മുനിസിപ്പൽ കണ്ടിൻജന്റ് ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം

ശ്രീ. എം. മുരളി: കേരളത്തിലെ മുനിസിപ്പാലിറ്റികളിലും സിറ്റി-കോർപ്പറേഷനുകളിലുമുള്ള കണ്ടിൻജന്റ് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിനുവേണ്ടി തൊഴിലാളി പ്രതിനിധികൾ ഉൾപ്പെടുന്നതും എൽ.എസ്.ജി.ഡി. സെക്രട്ടറി ചെയർമാനും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ കൺവീനറുമായി രൂപീകരിച്ച കമ്മിറ്റി ഏകീകൃത സർവ്വീസ് റൂൾ, ക്ഷേമനിധി രൂപീകരണം, സ്റ്റാഫ് പാറ്റേൺ പുതുക്കൽ, ശമ്പള പരിഷ്ക്കരണം എന്നിവ സംബന്ധിച്ച് റിപ്പോർട്ട് നൽകിയെങ്കിലും അത് മാറ്റിവച്ചുകൊണ്ട് ഉദ്യോഗസ്ഥർമാത്രം അടങ്ങുന്ന മറ്റൊരു കമ്മിറ്റിയെ ഇതിനുവേണ്ടി നിയമിച്ചിരിക്കുകയാണ്. ഈ കമ്മിറ്റിയിൽ തൊഴിലാളി പ്രതിനിധികളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ശമ്പള പരിഷ്ക്കരണ റിപ്പോർട്ട് നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തെത്തുടർന്ന് മുനിസിപ്പൽ കണ്ടിൻജന്റ് ജീവനക്കാരുടെയും ശമ്പള പരിഷ്ക്കരണത്തിനുവേണ്ടി 15-4-2005-ൽ തദ്ദേശ ഭരണ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനും നഗരകാര്യ ജോയിന്റ് ഡയറക്ടർ കൺവീനറുമായി ശമ്പള പരിഷ്ക്കരണ കമ്മിറ്റിയെ നിയമിച്ചെങ്കിലും ധനകാര്യ വകുപ്പിന്റെ പ്രതിനിധിയെ ഉൾപ്പെടുത്താത്തതിനാൽ കമ്മിറ്റി പുന:സംഘടിപ്പിക്കണമെന്ന് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടതുപ്രകാരം 4-8-2006-ൽ പുതിയ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി മൂന്ന് പ്രാവശ്യം യോഗംചേർന്ന് ശമ്പള പരിഷ്ക്കരണം സംബന്ധിച്ച ശുപാർശകൾ പരിശോധിച്ചുവരുന്നു.

കമ്മിറ്റി സമർപ്പിക്കുന്ന ശുപാർശയിൻമേൽ വിവിധ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത് അന്തിമ തീരുമാനം എടുക്കുന്നതാണ്.

**ധനകാര്യം**

2006–2007 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി. സുധാകരൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു. പ്രസ്തുത ധനാഭ്യർത്ഥനയെ സംബന്ധിച്ച നയരേഖയും മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII –സഹകരണം (52,00,66,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു. പ്രസ്തുത ധനാഭ്യർത്ഥനയെ സംബന്ധിച്ച നയരേഖയും മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX – കൃഷി (336,85,70,000 രൂപ)

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

സർവ്വശ്രീ കെ.സി.ജോസഫ്, കെ. ബാബു, എം.മുരളി, എ.പി. അനിൽ കുമാർ, എം.എ. വാഹീദ്, കെ.സി.വേണുഗോപാൽ, വി.ഡി. സതീശൻ, പി.സി. വിഷ്ണുനാഥ്, സി.ടി. അഹമ്മദ് അലി, അബ്ദുറഹിമാൻ രണ്ടത്താണി, ജോസഫ് എം. പുതുശ്ശേരി, പി.കെ. അബ്ദുറബ്ബ്, എം. ഉമ്മർ, കെ.കെ.ഷാജു എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. കെ. സി. ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷിക, സഹകരണ മേഖലകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള അടിയന്തിര നടപടി ഉണ്ടാകണം. കാർഷിക കടാശ്വാസ കമ്മിഷനേയും കാർഷിക കമ്മിഷനേയും നിയമിക്കുമെന്ന് പ്രഖ്യാപിച്ചു വെങ്കിലും ഇതുവരെ അതിനുവേണ്ടി യാതൊരു പ്രവർത്തനവും തുടങ്ങി യിട്ടില്ല. കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായില്ലെങ്കിൽ കേരളത്തിന്റെ വികസനം മരീചികയാകും. കർഷകരുടെ പ്രശ്നങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് കർഷക നയം പൊളിച്ചെഴുതണമെന്നും കാർഷികവൃത്തി ആദായകരമായ തൊഴിലാക്കി മാറ്റാതെ രാജ്യം നേരിടുന്ന പ്രതിസന്ധിയിൽനിന്നും മോചനമുണ്ടാകില്ല എന്നുമാണ് ഡോ. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതുപ്രകാരം കർഷക സംഘടനകളുമായി ചർച്ചചെയ്ത് ദേശീയ കാർഷിക നയത്തിൽ സമഗ്രമായ മാറ്റം വരുത്തണം. സമഗ്ര വിള ഇൻഷ്വറൻസ് സ്കീം അടിയന്തിരമായി നടപ്പിലാക്കണം. കാർഷികോൽപ്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കണം. കാർഷിക വിളകൾക്ക് തകർച്ച ഉണ്ടാകുമ്പോൾ ഗവൺമെന്റിന്റെ അടിയന്തിര ഇടപെടലുണ്ടാകണം. ഗവൺമെന്റ് നയത്തിന്റെ ഭാഗമായിട്ടാണ് ആനുകൂല്യ ങ്ങൾ പ്രഖ്യാപിച്ച് നടപ്പിലാക്കുന്നതെങ്കിൽ ഇതിന്റെ സാമ്പത്തിക ബാദ്ധ്യത പ്രൈമറി സംഘങ്ങളെ ഏൽപ്പിക്കാതെ ഗവൺമെന്റോ സംസ്ഥാന സഹകരണ

ബാങ്കോ ജില്ലാ സഹകരണ ബാങ്കോ ചേർന്ന് വഹിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ഇല്ലെങ്കിൽ പ്രൈമറി ബാങ്കുകളുടെ അവസ്ഥ വളരെ ഗുരുതരമാകും. കേരളത്തിൽ തൊഴിൽ ക്ഷാമവും തൊഴിലാളി ക്ഷാമവും ഉണ്ട്. പ്രധാനപ്പെട്ട മേഖലകളിൽ പണിയെടുപ്പിക്കാൻ തൊഴിലാളികളെ കിട്ടുന്നില്ല. കാർഷിക മേഖലയിൽ മെക്കനൈസേഷന് എല്ലാവരും എതിരായിരുന്നു. ഇന്നും ഈ മേഖലയിൽ പണിയെടുക്കാൻ ആളെ കിട്ടുന്നില്ല. കേരളത്തിന്റെ കാർഷിക മേഖലയെ മോചിപ്പിക്കാൻ കഴിയുന്ന ഒരു സമഗ്രമായ പ്രോഗ്രാം ഓഫ് ആക്ഷൻ ഗവൺമെന്റുണ്ടാക്കണം. നബാർഡിന്റെ പലിശയിൽ ഉണ്ടായ കുറവ് സഹകരണ കാർഷിക മേഖലയിൽ വളരെയേറെ പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കും. കാർഷിക വായ്പ പല സ്ഥലത്തും പെന്റിംഗാണ്. 3–7–06–ലെ സർക്കുലർ പ്രകാരം ഒരു ലക്ഷം രൂപവരെയുള്ള കാർഷിക വായ്പയ്ക്ക് 5.5 ശതമാനവും അതിനു മുകളിൽ മൂന്ന് ലക്ഷം വരെയുള്ളതിന് 6 ശതമാനവും നിരക്കിൽ പലിശ ഷെഡ്യൂൾ ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കൊടുത്തുതീർക്കാനുള്ള തുകയുടെ പലിശ കണക്കാക്കുന്നതിനെക്കുറിച്ച് പരിശോധിക്കണം. പുതിയ രീതി നടപ്പിലാക്കുമ്പോൾ നിലവിലുള്ള കാർഷിക വായ്പകൾക്ക് പൂർണ്ണമായും സംരക്ഷണം നൽകണം. സഹകരണ ബാങ്കിലെ വായ്പാ സമ്പ്രദായം ലഘൂകരിക്കണം. നാല് ജില്ലാ സഹകരണ ബാങ്കുകൾ പിരിച്ചുവിടാൻവേണ്ടി ഗവൺമെന്റ് നോമിനിയെ പിൻവലിച്ച നടപടി ഒരു ഗവൺമെന്റിന് ഭൂഷണമല്ല. കേരളത്തിന്റെ വികസന രംഗത്ത് സഹകരണ മേഖലയ്ക്ക് വലിയ പങ്കുണ്ട്. ആ മേഖലയെ രാഷ്ട്രീയ വൈരനിര്യാതനത്തിനുവേണ്ടിയുള്ള ആയുധമാക്കി കാണാതെ എല്ലാവരേയും സഹകരിപ്പിക്കാൻ ശ്രമിക്കണം. കേരളത്തിന്റെ കാർഷിക സഹകരണ

മേഖലയ്ക്ക് ഗൗരവമായ പരിഗണന നൽകി സമഗ്രമായ ഒരു കാർഷിക നയം കൊണ്ടുവരണം.

ശ്രീ. സി. കെ. സദാശിവൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന്റെ നാല് മാസത്തെ ഭരണംകൊണ്ട് കൃഷി, സഹകരണ വകുപ്പുകളിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് എത്രയും വേഗം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. പ്രതിപക്ഷം ഉയർത്തുന്ന എല്ലാ ജനവിരുദ്ധ നടപടികളേയും നേരിടാനുള്ള കരുത്ത് എൽ.ഡി.എഫ്. ഗവൺമെന്റിനുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയും അഴിമതിയും പിടിപ്പുകേടും കൃഷിക്കാരെ ആത്മഹത്യയുടെ വക്കിലെത്തിച്ചു. കാർഷിക മേഖലയെ ശ്മശാന ഭൂമിയാക്കി. സഹകരണ മേഖലയെ തകർത്ത് തരിപ്പണമാക്കി. കിട്ടാക്കടം ഏറ്റെടുത്ത വകയിൽ സംസ്ഥാന സഹകരണ ബാങ്കിന് 300 കോടി രൂപയുടെ ബാദ്ധ്യതയുണ്ടാക്കിയത് സംബന്ധിച്ച് പരിശോധന നടത്തണം. കഴിഞ്ഞ യു.ഡി.എഫ്. ഭരണത്തിൽ വിവിധ ബാങ്കുകളിൽ നടന്ന അഴിമതി അന്വേഷണവിധേയമാക്കി കുറ്റവാളികളെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവന്ന് മാതൃകാപരമായി ശിക്ഷിക്കണം. യു.ഡി.എഫ്. ഭരണത്തിൽ സഹകരണ ബാങ്കിലെ നിക്ഷേപം ഗണ്യമായി കുറഞ്ഞു. ആഗോള വൽക്കരണവും ഉദാരവൽക്കരണവുംമൂലം കൃഷിക്കാരുടെ സാമൂഹ്യ അടിത്തറ തകർത്തു. ആഗോളവൽക്കരണത്തിന്റെ നീരാളിപിടിത്തത്തിൽ അമർന്നുപോയ കാർഷിക മേഖലയുടെ രക്ഷകനായി ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് മാറാൻ കഴിയണം. കൃഷിക്കാർക്ക് ആത്മവിശ്വാസമുണ്ടാക്കിക്കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ ചാലക ശക്തിയായ കാർഷിക മേഖല തകർന്നാൽ കേരളം തകരുമെന്ന കാര്യത്തിൽ സംശയമില്ല. കൃഷിക്കാരനെ രണ്ടാം പൗരനായി കാണുന്ന യു.ഡി.എഫ്–ന്റെ മനോഭാവം മാറ്റണം. കൃഷിക്ക് മുന്തിയ പരിഗണന നൽകണം. കൃഷി ലാഭകരമാക്കി മാറ്റാൻ കഴിയണം. കൃഷിയും വ്യവസായവും പരസ്പരപൂരകമാണ്. കാർഷിക മേഖല തകർന്നാൽ വ്യവസായ മേഖലയും തകരും. ആത്മഹത്യ ചെയ്ത കർഷകർക്ക് ആനുകൂല്യം നൽകുന്ന കാര്യത്തിൽ നിഷേധാത്മക മായ നിലപാടാണ് ഐക്യ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിച്ചി ട്ടുളളത്. നൂറുകണക്കിന് കർഷകർ ആത്മഹത്യ ചെയ്തിട്ട് അതിന്റെ യഥാർത്ഥ റിപ്പോർട്ട് കേന്ദ്രത്തിൽ നൽകാനുള്ള ഉത്തരവാദിത്വംപോലും യു.ഡി.എഫ്. സർക്കാർ കാണിച്ചില്ല. ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതർക്ക് സഹായം നൽകുന്നതിനായി കേന്ദ്ര ഗവണ്മെന്റ് നൽകിയ 136 കോടി രൂപ വകമാറ്റി ചെലവഴിക്കുകയും കർഷകർക്കായി പ്രഖ്യാപിച്ച 140 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കാതിരിക്കുകയുമാണ് യു.ഡി.എഫ്. സർക്കാർ ചെയ്തത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കും. യു.ഡി.എഫ്. സർക്കാർ വരുത്തിവച്ച ഭീമമായ കടബാദ്ധ്യത ഉണ്ടായിട്ടും ഈ ഗവണ്മെന്റ് അധികാര ത്തിൽ വന്ന ഉടൻതന്നെ ആത്മഹത്യ ചെയ്ത 550 കർഷകരുടെ ആശ്രിതർക്ക് 50,000 രൂപ വീതം നൽകുകയും അവരുടെ രണ്ട് ലക്ഷം രൂപ വരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളുകയും ജപ്തി നടപടികൾ നിർത്തിവയ്ക്കുകയും കാർഷിക കടങ്ങൾക്ക് 2006 ഡിസംബർ മാസം വരെ മോറൊട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തു. കൃഷിക്കാരെ സഹായിക്കുന്ന തിനായി കാർഷിക വായ്പയുടെ പലിശ 5.5 ശതമാനമാക്കി കുറച്ചുകൊണ്ട്

സഹകരണ വകുപ്പ് മുന്നോട്ടുവരികയുണ്ടായി. നെൽകൃഷി സംരക്ഷിക്കുന്നതിനും നെൽകൃഷിയിൽ കർഷകരെ ഉറപ്പിച്ചുനിർത്തുന്നതിനുംവേണ്ടി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില കർഷകരിൽ വലിയ പ്രതീക്ഷ ഉളവാക്കിയിട്ടുണ്ട്. കാർഷിക മേഖലയും നെൽപ്പാടങ്ങളും സംരക്ഷിക്കുന്ന തോടൊപ്പം ഉല്പാദന രംഗത്ത് ന്യായവിലയും ഭക്ഷ്യ സുരക്ഷയും ഉറപ്പുവരുത്തണം. കാർഷിക വിളകൾക്ക് മിനിമം താങ്ങുവില നിശ്ചയിക്കുകയും വിളവെടുപ്പ് സമയത്തുതന്നെ കമ്പോളത്തിൽ ഇടപെടുകയും വേണം. യുവാക്കളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാൻ കഴിയണം. കൃഷിഭൂമി അന്യവൽക്കരിക്കാതിരിക്കാനുള്ള സമഗ്രമായ നിയമം നടപ്പാക്കണം. കാർഷിക കടാശ്വാസ കമ്മീഷൻ, വില നിർണ്ണയ കമ്മീഷൻ, വിള ഇൻഷ്വറൻസ് എന്നിവയുടെ പ്രഖ്യാപനങ്ങളിലൂടെ കർഷകരിൽ വലിയ പ്രതീക്ഷയാണ് ഉളവാക്കിയിട്ടുള്ളത്. കൃഷിക്കാരെ കൃഷി ഭൂമിയിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുള്ള സർക്കാരിന്റെ ശ്രമം അഭിനന്ദനാർഹമാണ്.

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാത്തതിനെത്തുടർന്നാണ് സംസ്ഥാനത്ത് കർഷകർ ആത്മഹത്യ ചെയ്യാനിടയായിട്ടുള്ളത് എന്നത് കണക്കിലെടുത്ത് കർഷക ആത്മഹത്യകൾ തടയുന്നതിന് സ്ഥിരമായ പ്രതിവിധി കണ്ടെത്തേണ്ടത് അനിവാര്യമാണ്. ദുരിതാശ്വാസം കൊടുത്തതുകൊണ്ടു മാത്രം ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയില്ല. കാർഷികോൽപ്പന്നങ്ങളുടെ സംഭരണം നടത്തുമ്പോൾ കുറഞ്ഞ താങ്ങുവിലയ്ക്കു പകരം വിപണി വില നൽകണമെന്നും കൃഷിയെ ഭരണഘടനയുടെ പൊതു പട്ടികയിൽപ്പെടുത്തണമെന്നുള്ള കമ്മീഷന്റെ ശുപാർശ സ്വീകരിക്കണം. 40

ലക്ഷം ടൺ നെല്ല് ആവശ്യമുള്ള സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത് 7 ലക്ഷം ടൺ മാത്രമാണ്. ആവശ്യകതയും ഉൽപ്പാദനവും തമ്മിൽ വലിയ അന്തരമുണ്ടായിട്ടും ഉൽപ്പാദനച്ചെലവിന് അനുസൃതമായ വില നെല്ലിന് ലഭിക്കുന്നില്ല. നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി ഓരോ കൊല്ലവും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അത് മറ്റാവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു. കേന്ദ്രസഹായം ലഭിക്കുന്ന തിനനുസരിച്ചുള്ള പദ്ധതികൾ തയ്യാറാക്കാൻ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല. കൃഷി ഉപജീവനമായ ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വായ്പ നൽകി കൃഷി പ്രോത്സാഹിപ്പിക്കാൻ കഴിയണം. വായ്പ നൽകുമ്പോൾ വിളനാശവും വിലത്തകർച്ചയുംമൂലം പ്രതിസന്ധിയിലായ പ്രദേശങ്ങൾക്ക് മുൻഗണന നൽകണം. സംസ്ഥാന സഹകരണ ബാങ്കിന് നബാർഡിൽനിന്ന് രണ്ടര ശതമാനം പലിശയ്ക്ക് കിട്ടിയ തുക കൃഷി നശിച്ച കർഷകരെ രക്ഷിക്കാൻ ഉപയോഗപ്പെടുത്തണം. കാർഷിക വായ്പകൾക്കുള്ള പലിശനിരക്ക് ഗണ്യമായി കുറയ്ക്കുന്നതിന് നടപടി ഉണ്ടാകണം. സബ്സിഡി നൽകുന്നത് പലപ്പോഴും ലാഭകരമായ നാണ്യവിളകൾക്കാണ്. ഇക്കാര്യത്തിൽ പുനർചിന്തനം ആവശ്യമാണ്. മലപ്പുറം ജില്ലയിൽ പ്രകൃതിക്ഷോഭംമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് ഭാഗികമായി തുക വിതരണം ചെയ്തു; ബാക്കി തുക കൂടി അടിയന്തിരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. യാതൊരു മാനദണ്ഡവുമില്ലാതെയാണ് നഷ്ടപരിഹാരം വിതരണം ചെയ്യുന്നത്. കൃഷിഭവനുകൾ കൂടുതൽ ശക്തിപ്പെടുത്തി അവിടെ ടെലിഫോൺ, കമ്പ്യൂട്ടർ ഇന്റർനെറ്റ് മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തണം. സഹകരണ ബാങ്കുകളിലെ നിക്ഷേപ ങ്ങൾക്ക് നിർത്തലാക്കിയ നികുതി ഇളവ് പുന:സ്ഥാപിക്കണം. ഗഹാൻ

സമ്പ്രദായം അർബൻ ബാങ്കുകളിൽക്കൂടി നടപ്പിലാക്കണം. സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റിംഗ് സമയബന്ധിതമായി അതാതു വർഷംതന്നെ പൂർത്തീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. ആഡിറ്റിംഗ് ജീവനക്കാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുകയും സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം. ആഡിറ്റിംഗിനു മാത്രമായി ഒരു ഡയറക്ടറെ നിയമിക്കാൻ നിയമത്തിൽ വ്യവസ്ഥ കൊണ്ടുവരണം. സംസ്ഥാന ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്കായി യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന പെൻഷൻ പദ്ധതി എത്രയും വേഗം നടപ്പിലാക്കണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്റ്റോറുകൾ അടച്ചുപൂട്ടാനോ ലാഭത്തിൽ പ്രവർത്തിപ്പിക്കാനോ ഉള്ള സാഹചര്യം ഉണ്ടാക്കണം. മെഡിസിൻ, എഞ്ചിനീയറിംഗ്, നഴ്സിംഗ് മുതലായ ഉന്നത വിദ്യാഭ്യാസ കോഴ്സുകളിൽ പഠിക്കുന്നതിന് ഈടോ ജാമ്യമോ ഇല്ലാതെ സഹകരണ ബാങ്ക് നൽകുന്ന വിദ്യാഭ്യാസ വായ്പ കൂടുതൽ ഉദാരമായ വ്യവസ്ഥകളും കൂടുതൽ കോഴ്സുകളും ഉൾപ്പെടുത്തി സമഗ്രമായ പദ്ധതി ആവിഷ്ക്കരിക്കണം. സഹകരണ വകുപ്പിന്റെ കീഴിൽ ഓരോ നിയോജക മണ്ഡലത്തിലും പുതിയ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ സ്ഥാപിക്കുമെന്ന മന്ത്രിയുടെ പ്രസ്താവന സ്വാഗതാർഹമാണ്. അത് എത്രയും വേഗം മാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:. ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്ത് കേരളം കർഷകരുടെ ശവപ്പറമ്പായിരുന്നു. കർഷകരുടെ ആത്മഹത്യ നടന്നിട്ടില്ല എന്നു പറഞ്ഞ് കേന്ദ്ര സർക്കാരിനെപ്പോലും തെറ്റിദ്ധരിപ്പിച്ചതുമൂലം കേരളത്തിനു ലഭിക്കേണ്ട കേന്ദ്രസഹായംപോലും ഇല്ലാതായി. എൽ.ഡി.എഫ് ഗവൺമെന്റിന്റെ

ആദ്യത്തെ ക്യാബിനറ്റ് യോഗത്തിൽത്തന്നെ ആത്മഹത്യ ചെയ്ത കർഷകരുടെ കണക്ക് പരിശോധിച്ച് അവരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം ധനസഹായം നൽകുകയും കൃഷിക്കാരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളുകയും ചെയ്തു. യു.ഡി.എഫ് സർക്കാർ കാർഷികമേഖലയ്ക്ക് ചെയ്ത സംഭാവനകൾ വെറും പാക്കേജുകളും വാഗ്ദാനങ്ങളും മാത്രമായിരുന്നു. നെല്ലിനും കാപ്പിക്കും അടയ്ക്കയ്ക്കും കുരുമുളകിനുമെല്ലാം പാക്കേജ് പ്രഖ്യാപിച്ചു വെങ്കിലും ഇതൊന്നും കർഷകന്റെ കയ്യിൽ എത്തിയില്ലെന്നു മാത്രമല്ല, ആത്മഹത്യയുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് നാല് മാസത്തിനുള്ളിൽ കടക്കെണിയിലായ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഒരു സംവിധാനമുണ്ടാക്കാൻ തീരുമാനിക്കുകയും കാർഷിക കമ്മീഷനും കടാശ്വാസ കമ്മീഷനും രൂപീകരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ കേര കൃഷി പുനരുദ്ധാരണ പദ്ധതിയിൽ നടന്ന അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തണം. നാളികേര കൃഷി സംരക്ഷിക്കാനുള്ള പഠനങ്ങളും ഇടപെടലുകളും നാളികേര ടെക്നോളജി മിഷന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് നടത്താൻ സമ്മർദ്ദം ചെലുത്തണം. പച്ച നാളികേരം സംഭരിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഭക്ഷ്യ രംഗത്ത് കയറ്റുമതി ചെയ്തിരുന്ന ഇന്ത്യ ഇപ്പോൾ ഗുരുതരമായ ഭക്ഷ്യ പ്രതിസന്ധിയിലാണ്. ഇത് ഗൗരവമായി കാണണം. നെൽവയൽ നികത്തുന്നതിനെതിരായി സമഗ്രമായ നിയമം കൊണ്ടുവരണം. നെൽകൃഷി സംരക്ഷിക്കുന്നതിന് അടിയന്തിരമായി പാഡി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കേരളം പച്ചക്കറികൾക്കുവേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ്. ഹരിത

സഹകരണ സംഘങ്ങൾ രൂപീകരിച്ച് പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. സെക്രട്ടേറിയറ്റ് തലം മുതൽ കൃഷിഭവൻ വരെയുള്ള ഉദ്യോഗസ്ഥ വൃന്ദത്തിന്റെ ആലസ്യം മാറ്റി ഒരു ചാലക ശക്തിയായി കൃഷിവകുപ്പിനെ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കണം. കൃഷി വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് വിജിലൻസ് സെൽ രൂപീകരിക്കണം.

ശ്രീ. സി.എഫ്. തോമസ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്ന് കേരളത്തിലെ കാർഷിക മേഖല ആകെ തകർച്ചയിലാണ്. കർഷക ആത്മഹത്യയുടെ പേരുപറഞ്ഞ് വോട്ടുനേടിയാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നത്. ഇപ്പോൾ ദിവസം കഴിയുംതോറും കർഷക ആത്മഹത്യ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവരുടെ കടങ്ങൾ മുഴുവൻ എഴുതിത്തള്ളാനുള്ള നടപടി സ്വീകരിക്കണം. ആത്മഹത്യ ചെയ്ത എല്ലാ കർഷകരുടെയും ആശ്രിതർക്ക് 50,000 രൂപ വീതം അടിയന്തിര സഹായം നൽകണം. കർഷക പെൻഷൻ നടപ്പിലാക്കുകയും കൃഷിക്കാർ വീട്ടുവളപ്പിൽ വളർത്തുന്ന മരങ്ങളിൽ ചന്ദനമരം ഒഴികെയുള്ളവ മുറിക്കാൻ അനുമതി നൽകുകയും ചെയ്യണം. റബ്ബറിന് ഏർപ്പെടുത്തിയ സെസ്സ് പിൻവലിക്കണം. 11-ാം പഞ്ചവത്സര പദ്ധതി ആരംഭിക്കാൻ പോകുന്ന ഈ സന്ദർഭത്തിൽ കാർഷിക മേഖലയ്ക്ക് പ്രധാന്യം കൊടുത്തുകൊണ്ട് ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളെ സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികളും കർഷക സംഘടനകളുമായി ചർച്ച ചെയ്ത് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണം. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 1924 കോടി രൂപയുടെ പദ്ധതി എന്ന് നടപ്പിലാക്കുമെന്ന് വ്യക്തമാക്കണം. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിനും

മണ്ടരി രോഗത്തിന് മരുന്ന് തളിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. ദീർഘകാല വിളകളെ ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താനായി സംസ്ഥാനം നൽകിയിരുന്ന നിവേദനത്തിന്റെ സ്ഥിതി എന്തായി എന്നറിയണം. പ്രകൃതി ക്ഷോഭംമൂലം വിളകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന് കേന്ദ്രഗവൺമെന്റിൽനിന്നും ലഭിക്കുന്ന തുക തുച്ഛമായതിനാൽ അടിയന്തിരമായി കേന്ദ്ര ഗവൺമെന്റിന്റെ നോംസ് മാറ്റി നഷ്ടപരിഹാരത്തോത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. സമഗ്രമായ കാർഷിക നയം രൂപീകരിക്കണം. ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണം.

<u>ശ്രീ.എം.വി.ശ്രേയാംസ് കുമാർ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്ന് ആഗോള തലത്തിൽ ജനങ്ങളുടെ ഉപജീവനമാർഗ്ഗം കൃഷിയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ഉദാരവൽക്കരണത്തിന്റെ പാർശ്വഫലങ്ങൾ കാർഷിക മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതിനാൽ കഴിഞ്ഞ കുറെ വർഷങ്ങളായി കാർഷിക മേഖല പ്രതിസന്ധിയിലാണ്. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി കേരളത്തിലെ നാണ്യവിളകളെക്കൂടി ഭക്ഷ്യ സുരക്ഷ ഉല്പന്ന പട്ടികയിൽ ഉൾപ്പെടുത്തണം. അന്താരാഷ്ട്ര വ്യാപാരക്കരാറിന്റെ ഫലമായി കേരളത്തിലെ കാർഷിക വിളകൾക്ക് ഭീമമായ വിലത്തകർച്ചയാണ് അനുഭവപ്പെട്ടത്. ഈ മേഖലയിൽ അശാസ്ത്രീയമായ നയങ്ങളാണ് കഴിഞ്ഞ സർക്കാർ നടപ്പാക്കിയത്. ഇതുമൂലം കാർഷിക മേഖലയിലെ വളർച്ചാനിരക്ക് കുത്തനെ ഇടിഞ്ഞു. കടക്കെണിയിലായ കർഷകർ ആത്മഹത്യയെ അഭയം പ്രാപിക്കുന്ന അവസ്ഥയാണുള്ളത്. കർഷക ആത്മഹത്യ സംബന്ധിച്ച് വസ്തുനിഷ്ഠമായ കണക്ക് നല്കാൻ കഴിഞ്ഞ ഗവൺമെന്റ് തയ്യാറായില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ കടക്കെണിമൂലം ആത്മഹത്യ

ചെയ്ത കർഷകരുടെ ആശ്രിതർക്ക് ധനസഹായം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കാർഷിക പ്രതിസന്ധിമൂലം തൊഴിൽ നഷ്ടപ്പെട്ട ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രസഹായത്തോടു കൂടി ഫുഡ് ഗ്രെയിൻസ് ബാങ്ക് പദ്ധതി നടപ്പിലാക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകൾക്കുവേണ്ടി പ്രത്യേക കാർഷിക പാക്കേജ് കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചു. ഇടുക്കി, ആലപ്പുഴ ജില്ലകൾക്കുകൂടി സഹായം ലഭ്യമാക്കണം. കർഷകർക്ക് നല്കുന്ന സഹായം മുഴുവൻ അവർക്കുതന്നെ ലഭിക്കാതിരിക്കുന്ന സാഹചര്യമുണ്ടാക്കുന്ന അഴിമതിക്കാരായ ഉദ്യോഗസ്ഥർ ക്കെതിരെ കർശന നടപടി സ്വീകരിക്കണം. നാളികേര ബോർഡിന്റെ നിലവിലുള്ള സഹായ പദ്ധതി പ്രകാരം കേട് വന്ന തെങ്ങ് വെട്ടിമാറ്റുന്നതിന് തെങ്ങ് ഒന്നിന് 250 രൂപ നല്കുന്നത് 1000 രൂപയാക്കി ഉയർത്തണം. കൂമ്പ് ചീയൽ രോഗ നിവാരണ പ്രവർത്തനങ്ങളിൽ വൻ തോതിൽ അഴിമതി നടന്നുവെന്ന ലോക് ആയുക്തയുടെ പരാമർശം ഗൗരവത്തിലെടുക്കണം. കേരളത്തിൽ കുരുമുളക് കൃഷി നാശത്തിന്റെ വക്കിലാണ്. നാഷണൽ ഡയറി ഡെവലപ്പമെന്റ് ബോർഡ് നടപ്പിലാക്കിവരുന്ന അസംസ്കൃത ഉല്പന്നങ്ങളുടെ വാല്യൂ അഡീഷൻ മാതൃകയിൽ കാർഷിക ബോർഡുകളിൽ നാണ്യ വിളകളെ പ്രബല ബ്രാന്റുകളാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മുന്തിയ പരിഗണന നല്കി നടപ്പിലാക്കുകയും അവശ്യം വേണ്ട സന്ദർഭത്തിൽ കർഷകർക്ക് പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കുകയും ചെയ്യണം. കാർഷിക മേഖലയ്ക്ക് പ്രത്യേക സഹായം നല്കുന്നതിന് കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചത് അഭിനന്ദനാർഹമാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ തലത്തിലും ധനകാര്യ

സ്ഥാപനങ്ങളിലും ശരിയായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. കാർഷിക കടങ്ങൾ എഴുതിത്തള്ളുമ്പോൾ അതിന്റെ ഗുണഫലങ്ങൾ കൃഷി ക്കാരന് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. ഒറ്റത്തവണ തീർപ്പാക്കൽ, പുനർ വായ്പയുടെ പുരോഗതി എന്നിവയെക്കുറിച്ച് വിലയിരുത്തുന്നതിന് ടാസ്ക് ഫോഴ്സ് തുടുങ്ങുമെന്ന റിസർവ്വ് ബാങ്കിന്റെ ഒരു നിർദ്ദേശവും നടപ്പി ലാക്കിയിട്ടില്ല. ജൈവ വളങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വ്യക്തമായ നിയമം ആവശ്യമാണ്. നാണ്യവിളകൾക്ക് ഇൻഷ്വറൻസ് ഏർപ്പെ ടുത്തണം. കൃഷി വകുപ്പിൽ ഐ.പി.എസ്. ഉദ്യോഗ തലത്തിൽ ഒരു വിജി ലൻസ് സെൽ രൂപീകരിക്കണം. പഴം, പച്ചക്കറി എന്നിവയുടെ വിപണനത്തിന് വയനാട്ടിൽ പ്രത്യേക കേന്ദ്രം ആരംഭിക്കണം. കേന്ദ്ര സർക്കാരിന്റെയും ഊർജ്ജ വകുപ്പിന്റെയും ധനസഹായത്തോടെ വയനാട്ടിൽ എല്ലാ കർഷ കർക്കും ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് വകുപ്പുകളുടെ കൂട്ടായ പരിശ്രമം ആവശ്യമാണ്. ഇന്നത്തെ സാഹചര്യത്തിൽ കർഷകർക്ക് സംരക്ഷണം നല്കുവാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായി പ്രവർത്തി ക്കുന്നുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് വില ലഭിക്കുന്ന സാഹചര്യമുണ്ടാക്കണം. 'കേരളം ജൈവകൃഷിയിലേയ്ക്ക്' എന്ന ആശയം ഫലപ്രദമായി നടപ്പിലാക്കാൻ ഗവണ്മെന്റ് മുൻകൈയെടുക്കണം. ഡോ. സ്വാമിനാഥൻ കമ്മിഷന്റെ പുതിയ റിപ്പോർട്ടും കാർഷിക മേഖലയ്ക്ക് ശക്തി പകരുന്നതാണ്. കാർഷിക നയത്തിനുപകരം കാർഷിക നയരൂപീകരണമാണ് ആവശ്യമെന്ന് ഡോ. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണി

ച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കാർഷിക മേഖല തകർന്നുതരിപ്പണമായിരുന്നു നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ യു.ഡി.എഫ്. ഗവണ്മെന്റ് കാര്യമായി ശ്രദ്ധിച്ചിരുന്നില്ല. ഈ ഗവണ്മെന്റ് വന്നതിനുശേഷം കൂട്ടായ ആലോചനയിലൂടെ നെല്ല് സംഭരണത്തിന് തയ്യാറാകുകയും കർഷകരെ സഹായിക്കാൻ രംഗത്തുവരികയും ചെയ്തു. സംസ്ഥാനത്തെ നെല്ല് ഇവിടെത്തന്നെ പ്രോസ്സസ് ചെയ്ത് അരിയാക്കി മാറ്റണമെങ്കിൽ പുതിയ റൈസ് മില്ലുകൾ സ്ഥാപിക്കണം. ഈ ഗവണ്മെന്റ് കൊണ്ടുവന്ന കാർഷിക കടാശ്വാസ നിയമവും കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയും സ്വാഗതാർഹമാണ്. കൃഷിക്കാർക്കുവേണ്ടിയുള്ള പദ്ധതികളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ കാണിച്ചിട്ടുള്ള കള്ളത്തരങ്ങളെപ്പറ്റി പരിശോധിക്കണം; കൃഷിക്കാർക്കുപകരിക്കുന്ന നിലയിൽ ആ പദ്ധതികൾ മാറ്റിയെടുക്കാനുള്ള നടപടികൾ ഉണ്ടാകണം. അഴിമതിയിൽ മുങ്ങിയിരുന്ന സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കുമെന്ന് പ്രഖ്യാപിച്ച മന്ത്രിയെ അഭിനന്ദിക്കുന്നു. വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടിയുള്ള കാര്യങ്ങൾകൂടി സഹകരണമേഖല ചെയ്യണം. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പരമാവധി കുട്ടികൾക്ക് വിദ്യാഭ്യാസ ലോൺ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ.എ.എ.അസീസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കടക്കെണി മൂലം കർഷകരുടെ ആത്മഹത്യ പെരുകിയ കാലഘട്ടത്തിലാണ് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നത്. സഹകരണ മേഖല അഴിമതിയുടെ കൂത്തരങ്ങായിരുന്നു. കാർഷിക മേഖലയിൽ കർഷകന് ആശ്വാസം പകരുന്ന നടപടികളാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചത്. ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് ധനസഹായം നൽകുകയും ജപ്തി നടപടികൾ നിറുത്തി

വയ്ക്കുകയും രണ്ട് ലക്ഷം രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളുകയും ചെയ്തു. നെൽകൃഷിക്കാർക്ക് ഉൽപാദന ബോണസ്, വളം, കാർഷിക ഉപകരണങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും മറ്റ് ആനുകൂല്യങ്ങൾ നൽകുകയും ചെയ്തു. ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനത്തിന് നടപടി സ്വീകരിച്ചു. യു.ഡി.എഫ്. ഗവണ്മെന്റ് കാർഷിക മേഖലയിലെ ഒരു ലക്ഷം യുവാക്കൾക്ക് തൊഴിൽ കൊടുക്കുമെന്ന് പ്രഖ്യാപിച്ചുവെങ്കിലും അവയൊന്നും നടപ്പാക്കിയില്ല. അനധികൃതമായി വയൽ നികത്തുന്നതിനെതിരെ കർശന നടപടി സ്വീകരിക്കണം. കൃഷി ഭവനുകൾ വഴി ധാരാളം പദ്ധതികൾ നടപ്പാക്കാൻ ഈ ഗവണ്മെന്റ് തുടക്കമിട്ടി ട്ടുണ്ട്. കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. കൂട്ടുകൃഷി സമ്പ്രദായം പ്രോൽസാഹിപ്പിക്കണം. പ്രകൃതിദുരന്തംമൂലം കൃഷി നശിച്ച വർക്ക് ആവശ്യമായ സഹായങ്ങൾ നൽകണം. കാർഷിക മേഖലയെയും കർഷകരെയും സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കണം. ജില്ലാ സഹകരണ ബാങ്കുകളിലും സംസ്ഥാന സഹകരണ ഭൂപണയ ബാങ്കുകളിലും നടക്കുന്ന പിൻവാതിൽ നിയമനങ്ങളെ സംബന്ധിച്ചും അഴിമതിയെക്കുറിച്ചും അന്വേഷിച്ച് കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കണം.

ശ്രീ. കെ. കെ. ഷാജു : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ഡോ.എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. കർഷക ആത്മഹത്യയുടെ കണക്കിൽ വന്നിട്ടുള്ള പിശക് തിരുത്തണം. ഈ ഗവണ്മെന്റ് സഹകരണ മേഖലയിൽ നിലവിലുണ്ടായിരുന്ന സംവിധാനങ്ങളെയാകെ തകർത്തുതരിപ്പണമാക്കി. കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശക്തമായ നടപടികൾ കഴിഞ്ഞ ഗവണ്മെന്റ് സ്വീകരിച്ചിരുന്നു.

യു.ഡി.എഫ്. ഗവണ്മെന്റ് നടപ്പിലാക്കിയ കാര്യങ്ങളെ അട്ടിമറിക്കുന്ന രൂപത്തിലുള്ള പരാമർശങ്ങൾ ഖേദകരമാണ്.

ശ്രീ.പി.സി.ജോർജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കർഷകർക്ക് ആത്മവിശ്വാസത്തോടുകൂടി കൃഷി ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കാൻ അധികാരത്തിൽവന്ന ഒരു ഗവണ്മെന്റിനും സാധിച്ചിട്ടില്ല. 80 ശതമാനത്തോളം ജനങ്ങളും കാർഷികവൃത്തി സ്വീകരിച്ചാണ് ജീവിക്കുന്നത്. കൃഷിക്കാരുടെ ഉന്നമനത്തിലൂടെയല്ലാതെ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ കഴിയുകയില്ല. ആഗോളവൽക്കരണത്തിന്റെ ഭാഗമായി പുത്തൻ സാമ്പത്തിക പരിഷ്കാരം വന്നതോടുകൂടിയാണ് കൃഷിക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായത്. വർദ്ധിച്ച കൃഷിച്ചെലവും വിലത്തകർച്ചയും കടഭാരവും താങ്ങാനാകാതെയാണ് കർഷകർ ആത്മഹത്യ ചെയ്തത്. ഡോ.എം.എസ്. സ്വാമിനാഥൻ കമ്മിഷൻ ക്രിയാത്മകമായ പല നിർദ്ദേശങ്ങളും മുന്നോട്ടുവച്ചെങ്കിലും അതൊന്നും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കർഷകരെ സഹായിക്കാൻവേണ്ടി സബ്സിഡി അനുവദിക്കണമെന്നതും 4 ശതമാനം പലിശയ്ക്ക് വായ്പ ലഭ്യമാക്കണമെന്നതും കമ്മിറ്റിയുടെ ഒരു പ്രധാന ശുപാർശയാണ്. റബ്ബറിനും മറ്റ് കാർഷിക വിളകൾക്കും വില വർദ്ധിച്ചുവെന്ന് പ്രചരണം നടത്തിയത് യു.ഡി.എഫ്.-ന്റെ നേതൃത്വത്തിലാണ്. എല്ലാ നാണ്യവിളകളുടെയും വില ഇടിഞ്ഞിരിക്കുന്നു. വ്യാപകമായ രോഗബാധയും പരിചരണക്കുറവുംമൂലം ഉല്പാദനക്ഷമത കുറയുന്നു. ജൈവ കൃഷി പ്രോൽസാഹിപ്പിക്കണം. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾ എല്ലാ കൃഷിക്കാർക്കും ലഭ്യമാക്കണം. കാർഷിക നയത്തിനുപകരം കാർഷിക നയരൂപീകരണമാണ് ആവശ്യമെന്നും കർഷകർക്ക് പരിമിതമായ തോതിലെങ്കിലും അറ്റാദായം നേടാൻ സഹായം

ചെയ്യുന്ന പുതിയ സംവിധാനം ഏർപ്പെടുത്തണമെന്നും ഡോ.എം.എസ്. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിൽ പറയുന്നുണ്ട്. കേന്ദ്രം ഭരിച്ച സർക്കാരുകളൊന്നും ഇന്നുവരെ ഈ നയരൂപീകരണം നടപ്പിലാക്കുന്നതിന് ശ്രമിച്ചിട്ടില്ല. കർഷകർക്ക് ഗുണമുണ്ടാകുന്ന നിർദ്ദേശങ്ങളാണ് ഡോ.എം.എസ്. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. ഒക്ടോബർ 31–നും നവംബർ 1–നുമായി കേന്ദ്ര കൃഷി വകുപ്പുമന്ത്രി വിളിച്ചുചേർക്കുന്ന യോഗത്തിൽ കേരളത്തിന്റെ നയം വ്യക്തമാക്കണം. ലോകത്ത് ഏറ്റവും കൂടുതൽ ഭക്ഷ്യധാന്യങ്ങൾ പാഴാക്കിക്കളയുന്ന സംസ്ഥാനം കേരളമാണ്. ഇതിനെ ചെറുതായിക്കാണാതെ ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്യണം. സംസ്ഥാനത്തെ ബാങ്കുകളിൽ കൊടികുത്തിവാഴുന്ന അഴിമതികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ബഡ്ജറ്റിൽ ധാരാളം നല്ല ആശയങ്ങൾ അടങ്ങിയിട്ടുണ്ട്. ഭാരതത്തിലെ ജനസംഖ്യ 1.9 ശതമാനംവച്ച് ഓരോ വർഷവും കൂടുകയാണെങ്കിലും കാർഷികോൽപാദനം 1.7 ശതമാനം മാത്രമേ കൂടുന്നുള്ളൂ. ഇൻഡ്യയിലെ 68 ശതമാനം ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. കേരളത്തിൽ കൃഷിക്ക് അനിയന്ത്രിതമായി കീടനാശിനി ഉപയോഗിക്കുന്നതിനെതിരെ നടപടിയെടുക്കണം. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ നെല്ലുൽപാദനം വളരെ കുറവായതിനാൽ ഉൽപാദനശേഷി കൂട്ടണം. നെൽക്കൃഷിക്ക് ഉൽപ്പാദന സബ്സിഡി കൊടുക്കുന്നതിനുപകരം എൻവയോൺമെന്റൽ സബ്സിഡി അനുവദിക്കണം. ഗവേഷണ സ്ഥാപനങ്ങളുടെയും അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റികളുടെയും ഗവേഷണ ഫലങ്ങൾ കർഷകരിലെത്തിക്കാൻ നടപടി സ്വീകരിക്കണം. ഈ സ്ഥാപന

ത്തിൽ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമനം നടത്തണം. ഓരോ മൂന്ന് വർഷത്തിലൊരിക്കൽ അവരെ റിലീവ് ചെയ്യണം. എന്തൊക്കെ കണ്ടുപിടിച്ചു, എന്തൊക്കെ ജനങ്ങൾക്ക് പകർന്നുകൊടുത്തു എന്നുള്ളതിന്റെ അടിസ്ഥാന ത്തിൽ മാത്രമേ കോൺട്രാക്ട് പുതുക്കാവൂ. ജനങ്ങൾക്ക് ഗുണം ചെയ്യാത്ത ഗവേഷണ സ്ഥാപനങ്ങൾ അടച്ചുപൂട്ടണം. കൃഷി ഓഫീസറുടെ ഓഫീസ് കർഷകന്റെ കൃഷിഭൂമിയായിരിക്കണം. മാസത്തിലൊരിക്കൽ ഫാം ക്ളബിൽ മീറ്റ് ചെയ്യണമെന്ന നിബന്ധന നടപ്പാക്കണം. കാർഷിക വായ്പകൾ കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കണം. കൃഷി വായ്പയുടെ മോറൊട്ടോറിയ ത്തിന്റെ കാലാവധി നീട്ടിക്കൊടുക്കണം. കാർഷികമേഖലയ്ക്കായി നബാർഡിൽനിന്നും കിട്ടിയ വായ്പ ഉപയോഗപ്പെടുത്തണം. നബാർഡ് തരുന്ന വായ്പയ്ക്ക് പലിശ മൂന്നര ശതമാനത്തിൽ കൂടരുത്. വാനില ശേഖരിച്ചുവച്ചിരിക്കുന്ന കർഷകർക്ക് അത് പ്രോസ്സസ് ചെയ്യുന്നതിന് ബ്രിഡ്ജ് ലോൺ സംഘടിപ്പിച്ചുകൊടുക്കുന്നതിന് നടപടിയുണ്ടാകണം.

<u>ശ്രീ.എം.എം.മോനായി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഭരണത്തിലെ അപാകതകൾ പരിഹരിക്കാനുള്ള തീവ്ര പരിശ്രമ മാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി നടത്തുന്നത്. മുൻ ഗവൺമെന്റിന്റെ കാലത്ത് കൃഷി വകുപ്പിൽ അഴിമതി നടമാടുകയായിരുന്നു. കേരളത്തിലെ കാർഷിക മേഖലയാകെ തകർന്നത് കർഷകരെ ആത്മഹത്യയിലേയ്ക്ക് നയിച്ചു. ഡോ.എം.എസ്. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാ ക്കാനുള്ള ഒരു പരിശ്രമവും യു.ഡി.എഫ്. ഗവണ്മെന്റ് നടത്തിയിട്ടില്ല. കേന്ദ്രം നൽകിയ തുക വകമാറ്റി ചെലവഴിച്ചു. കർഷകർ നിരവധി നികുതികളാൽ വലയുന്നതിനാൽ ഒഴിവാക്കാവുന്ന നികുതികൾ ഒഴിവാക്കിയും കുറയ്ക്കാവുന്നത് കുറയ്ക്കുകയും ചെയ്യണം. ജൈവകൃഷി പ്രോൽസാഹിപ്പി

ക്കുന്നതിനും യുവ കർഷകർക്ക് വായ്പ നൽകുന്നതിനും നടപടി സ്വീകരിക്കണം. കാർഷിക മേഖലയിൽ നൂതന ടെക്നോളജി പ്രയോഗിക്കുന്നതിനും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും കാർഷിക കൂട്ടായ്മകൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. ഇടനിലക്കാരില്ലാതെ കർഷകർ വിപണി നിയന്ത്രിക്കുന്ന രീതി നടപ്പാക്കി കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ശ്രമിക്കണം. കാർഷിക മേഖലയിലെ പ്രശ്നങ്ങളിൽ സഹകരണ മേഖലയ്ക്ക് ഇടപെടാൻ സാധിക്കണം. കഴിഞ്ഞ അഞ്ച് വർഷമായി കാർഷിക മേഖലയ്ക്ക് വായ്പ നൽകാത്ത നബാർഡിന്റെ നയങ്ങൾ തിരുത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് അനുവദിച്ചിരുന്ന അഞ്ച് ശതമാനം പലിശ സബ്സിഡി പുന:സ്ഥാപിക്കണം. പ്രാഥമിക സഹകരണ സംഘങ്ങളുടെ ആഡിറ്റിൽ നടക്കുന്ന അഴിമതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. റിസർവ്വ് ബാങ്കിന്റെ പ്രോസിക്യൂഷൻ നടപടി നേരിടുന്ന സഹകരണ സംഘങ്ങൾക്കായി നിയമനിർമ്മാണം നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വൈദ്യനാഥൻ കമ്മിഷൻ റിപ്പോർട്ട് സംബന്ധിച്ച് സ്വീകരിക്കേണ്ട നിലപാടുകളെക്കുറിച്ച് സഹകാരികളുടെയിടയിൽ ചർച്ച സംഘടിപ്പിക്കണം. സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് എൻ.ആർ.ഐ. നിക്ഷേപം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. സഹകരണ പ്രൊഫഷണൽ കോളേജിൽ നൂറു ശതമാനം സീറ്റിലും മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്താൻ സാധിച്ച നടപടി സ്വാഗതാർഹമാണ്. ജെ.ഡി.സി., എച്ച്.ഡി.സി. കോഴ്സുകൾ പരിഷ്ക്കരിക്കാനും 'ഇർമ'-യുടെ മാതൃകയിൽ കോ-ഓപ്പറേഷൻ, റൂറൽ മാനേജ്മെന്റ് ഇവയിൽ

എം.ബി.എ. കോഴ്സുകൾ ആരംഭിക്കാനും നടപടികൾ സ്വീകരിക്കണം. കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി കോ-ഓപ്പറേറ്റീവ് കമ്പനികൾ രൂപീകരിക്കുന്നതിനും ഗഹാൻ സമ്പ്രദായം എല്ലാ വിഭാഗം സംഘങ്ങൾക്കും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എം. മുരളി : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷിക രംഗം ഏറ്റവും വലിയ ദുരന്തത്തെ അഭിമുഖീകരിക്കുകയാണ്. 11-ാം പഞ്ചവൽസര പദ്ധതിയിലും കേരളത്തിലെ കാർഷിക മേഖലയെ രക്ഷിക്കാൻ വകുപ്പുമന്ത്രിയും ഗവൺമെന്റും വേണ്ടത്ര താൽപര്യം പ്രകടിപ്പിക്കുന്നില്ല എന്നുള്ളത് ഖേദകരമാണ്. ദേശീയ കാർഷിക നയത്തിന്റെ ഭാഗമായി ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടുകളെക്കുറിച്ച് ചർച്ച നടത്തിയില്ല എന്നുപറഞ്ഞു. 11-ാം പഞ്ചവൽസര പദ്ധതിയിൽ ഈ മേഖലയെ സംബന്ധിച്ച പ്രീഡിസ്ക്കഷനാണ് നടന്നത്. അവിടെ കാര്യമാത്ര പ്രസക്തമായ പല കാര്യങ്ങളും മുന്നോട്ടുവച്ചില്ലെങ്കിൽ കേരളത്തിന് വലിയ നഷ്ടമുണ്ടാകും. പൂർണ്ണതയുള്ള റിപ്പോർട്ടല്ല സമർപ്പിച്ചത്. 11-ാം പഞ്ചവൽസര പദ്ധതിയുടെ കാർഷിക രംഗത്തെ സമീപനം സംബന്ധിച്ച് തയ്യാറാക്കിയ കരട് രേഖയുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിയെ ഉദ്യോഗസ്ഥർ തെറ്റിദ്ധരിപ്പിച്ചു; ഗവൺമെന്റിനുവേണ്ടി അവർ നൽകിയ റിപ്പോർട്ട് അപകടകരമാണ്. സ്വകാര്യമൂലധനത്തോട് കേരളം എതിർപ്പ് പ്രകടിപ്പിക്കുന്നതുമൂലം കർഷകരുടെ പങ്കാളിത്തത്തെ തള്ളിപ്പറയുകയാണ്. സ്വകാര്യമൂലധനം വേണ്ടെന്ന നിലപാട് സ്വീകരിച്ചത് തെറ്റായ നയമാണ്. കാർഷിക പാക്കേജ് അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ല. 5655 കോടി രൂപയുടെ കാർഷിക പാക്കേജ് സമർപ്പിച്ചിട്ട് 765 കോടി രൂപയായി അത് പരിമിതപ്പെടുത്തി. കേന്ദ്ര കൃഷി മന്ത്രിയും കേന്ദ്ര സംഘവും സംസ്ഥാനം സന്ദർശിച്ചപ്പോൾ

സ്പെസിഫിക്കായ നിർദ്ദേശങ്ങളോ പ്രോജക്ടുകളോ സമർപ്പിക്കാൻ സാധിക്കാത്തതുകൊണ്ടാണ് 765 കോടി രൂപയുടെ കാർഷിക പാക്കേജായി ചുരുങ്ങിയത്. ആലപ്പുഴ, ഇടുക്കി ജില്ലകളിലെ കാർഷിക പ്രശ്നങ്ങൾ യഥാസമയം ഗവൺമെന്റ് ശ്രദ്ധിക്കുന്നില്ല. ഗവൺമെന്റ് കാർഷിക കടങ്ങൾ എഴുതിത്തള്ളിയില്ലെന്നു മാത്രമല്ല ആത്മഹത്യ ചെയ്യുന്ന കർഷകരുടെ കടം എഴുതിത്തള്ളുന്ന നയം സ്വീകരിച്ചതിലൂടെ ആത്മഹത്യ ചെയ്യുന്ന പ്രവണതയിലേയ്ക്ക് കൂടുതൽ കർഷകരെ കൊണ്ടെത്തിക്കുകയും ചെയ്തു. കൃഷി ലാഭകരമാക്കിയാൽ മാത്രമേ കാർഷിക രംഗത്ത് കർഷകരെ പിടിച്ചുനിർത്താൻ സാധിക്കുകയുള്ളൂ. നഷ്ടം സംഭവിക്കുന്ന കൃഷിയിൽ കർഷകരെ നിലനിർത്താൻ സാധിക്കുകയില്ല. ഇഷ്ടമുള്ള കൃഷി ചെയ്യുക എന്നത് കർഷകന്റെ മൗലികാവകാശമാണ്. കൊമേഴ്സ്യൽ ബാങ്കുകളും സഹകരണ ബാങ്കുകളും കർഷകരെ പീഡിപ്പിക്കുന്ന നടപടി സ്വീകരിച്ചു കൊണ്ടിരിക്കുമ്പോൾ കാർഷിക രംഗത്ത് കർഷകർക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് അവർ മറ്റ് രംഗങ്ങളിലേയ്ക്ക് പോകുന്നത്. കർഷകർക്ക് വേണ്ട സഹായം നൽകിയാലേ നെൽകൃഷി മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളു. കൃഷി ഭവനുകൾ ഫലപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. പാഡി ബോർഡിന് സ്റ്റാറ്റ്യൂട്ടറി അധികാരം കൊടുത്താൽ മാത്രമേ നെൽകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനാകൂ. അത്യുൽപ്പാദനശേഷിയുള്ള വിത്ത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. പട്ടാമ്പിയിൽ ഉൽപ്പാദിപ്പിച്ച ജ്യോതിയുടെ പ്രൊഡ്ക്ടിവിറ്റി കുറവാണ്. മങ്കൊമ്പിലെ ഗവേഷണ കേന്ദ്രംവഴി ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിയുന്നില്ല. മങ്കൊമ്പിലെ മണ്ണിന്റെ ഗുണനിലവാരം കണ്ടെത്തി പ്രൊഡക്ടിവിറ്റി വികസിപ്പിക്കാൻ സാധിക്കണം. നെല്ല് സംഭരണം

സുതാര്യമായി നടപ്പിലാക്കണം. വൻകിട മില്ലുകൾ സ്വകാര്യ മേഖലയിൽ കർഷകരുടെ നേതൃത്വത്തിൽ ഉണ്ടാക്കിയാൽ ഈ പ്രതിസന്ധിക്ക് പരിഹാരമുണ്ടാകും. അഞ്ച് ഏക്കറിൽതാഴെ നെൽകൃഷി ചെയ്യുന്നവരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന് നടപടി സ്വീകരിക്കണം. കേപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കേണ്ടതിന്റെ ബാധ്യത സംസ്ഥാന ത്തിനുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളെയും ശബരിമല വികസനത്തെയും സംബന്ധിച്ച് ഉയർന്നുവന്ന വിവാദങ്ങളിന്മേൽ ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാട് വ്യക്തമാക്കണം.

<u>ശ്രീ.പി.കൃഷ്ണപ്രസാദ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വയനാട് ജില്ലയിൽ ഉണ്ടായിട്ടുള്ള കാർഷികത്തകർച്ച ബോധപൂർവ്വമുള്ള നയങ്ങളുടെ ഫലമായി ഉണ്ടായതാണ്. ലോകമാകെ സമാന സ്വഭാവമുള്ള ഒരു കാർഷികത്തകർച്ചയാണ് ഇപ്പോൾ കാണാൻ കഴിയുന്നത്. കർഷകരുടെ ആത്മഹത്യ വയനാട്ടിൽ മാത്രമല്ല സംസ്ഥാന വ്യാപകമായി സംഭവിക്കുന്നു. ഒരു വർഷം വയനാട് ജില്ലയിൽ 1003 കോടി രൂപയുടെ കാർഷിക നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. ഈ രീതിയിൽ കേരളം ഒട്ടാകെ കോടിക്കണക്കിന് രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളത്. ആഗോളവൽക്കരണമെന്ന പേരുപറഞ്ഞ് നയങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് കാർഷികത്തകർച്ചയുണ്ടാകുന്നത്. കാർഷികോൽപ്പന്നങ്ങളുടെ വില തകരുന്നതുകൊണ്ടാണ് വായ്പ തിരിച്ചടയ്ക്കാൻ കൃഷിക്കാർക്ക് സാധിക്കാത്തത്. വയനാട്ടിൽ ബാങ്കുകൾ നിക്ഷേപത്തുകയേക്കാൾ കൂടുതൽ തുക വായ്പ കൊടുക്കുന്ന നിലപാടാണ് സ്വീകരിച്ചിരുന്നത്. പല മേഖലയിലും സ്വകാര്യവൽക്കരണത്തിന്റെ ഫലമായി തകർച്ച നേരിട്ടിട്ടുണ്ട്. 1991-ൽ ആഗോളവൽക്കരണം നടപ്പാക്കിയതിന്റെ ഭാഗമായാണ് കാർഷിക മേഖലയിൽ പ്രതിസന്ധിയുണ്ടായത്.

ആഗോളവൽക്കരണത്തിന്റെ രൂക്ഷമായ പ്രത്യാഘാതത്തിൽനിന്ന് രക്ഷ നേടുന്നതിന് പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. പോളിസി ഫ്രെയിം-വർക്കിലെ പരാജയംമൂലമാണ് കാർഷികത്തകർച്ച ഉണ്ടായത്. വയനാട്, പാലക്കാട്, ഇടുക്കി, കാസർകോട് ജില്ലകൾക്കുവേണ്ടി 765 കോടി രൂപയുടെ പ്രത്യേക സഹായ പദ്ധതി കേന്ദ്രം അനുവദിച്ചുവെങ്കിലും അതിലൂടെ കാർഷിക മേഖലയെ മെച്ചപ്പെടുത്താൻ യാതൊരു നടപടിയും സ്വീകരിച്ചില്ല. കാർഷികത്തകർച്ചമൂലമുള്ള കർഷകരുടെ ആത്മഹത്യയ്ക്കെതിരെ കേന്ദ്ര ഗവൺമെന്റ് നടപടി സ്വീകരിച്ചില്ല. 1957-ൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി നടപ്പിലാക്കിയ ഭൂപരിഷ്ക്കരണ നിയമത്തിലൂടെയാണ് കർഷകർക്ക് ഭൂമി കൊടുക്കുക എന്ന നിലപാട് സ്വീകരിച്ചത്. അത് തുടരാൻ സാധിച്ചിട്ടില്ല. കാർഷികോൽപ്പാദനം വർദ്ധിപ്പിച്ച് ഉൽപ്പന്നങ്ങൾ സംസ്ക്കരിച്ച് ആധുനിക കാർഷിക വ്യവസായങ്ങൾ ആരംഭിക്കുന്നതിലൂടെ മാത്രമേ ഒരു ആധുനിക വ്യവസായ സമൂഹത്തെ ഉയർത്തിയെടുക്കാൻ സാധിക്കുകയുള്ളൂ. കാർഷിക മേഖലയിൽ ആധുനികവൽക്കരണത്തിന് നേതൃത്വം കൊടുക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുകൾ ശ്രമിച്ചിരുന്നു. കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കടാശ്വാസ നിയമം. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് ആദ്യ ക്യാബിനറ്റിൽത്തന്നെ കർഷകരെ ആത്മഹത്യയിൽനിന്നും മോചിപ്പിക്കാനും ആത്മഹത്യ ചെയ്തവർക്ക് ധനസഹായം കൊടുക്കാനും നടപടി സ്വീകരിച്ചു. യു.ഡി.എഫ്.-ന്റെ കാലത്ത് വയനാട്ടിൽ 169 കർഷകരാണ് ആത്മഹത്യ ചെയ്തത്. വയനാട്ടിൽ സ്വകാര്യ പണമിടപാടുകാരിൽനിന്നും പൈസ വാങ്ങി തിരിച്ചടയ്ക്കാൻ കഴിയാതെ ആത്മഹത്യ ചെയ്ത ഏതാണ്ട് 57 കേസ്സുകളുണ്ട്.

അവർക്കുംകൂടി കടാശ്വാസ കമ്മീഷൻവഴി വൈകാതെ സഹായം എത്തിക്കാൻ നടപടികൾ സ്വീകരിക്കണം. വയനാട്ടിൽ ഇപ്പോഴും ആത്മഹത്യ നടക്കുന്നുണ്ട്. കാർഷിക മേഖലയിലെ വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങൾക്ക് ദീർഘവീക്ഷണ അടിസ്ഥാനത്തിൽ പരിഹാരം കാണണം. കാർഷിക മേഖലയിൽ വ്യവസായവൽക്കരണം നടപ്പാക്കണം. കൃഷി, വ്യവസായം, സഹകരണം, അനിമൽ ഹസ്ബന്ററി, ഡയറി എന്നീ ഡിപ്പാർട്ടുമെന്റുകൾ ചേർന്ന് പ്രത്യേക പദ്ധതി തയ്യാറാക്കണം. സംസ്ഥാനത്തിന്റെ വികസനത്തിനായി കാർഷിക വ്യവസായത്തിന് മുൻഗണന നൽകണം. കാർഷിക മേഖലയിലെ ഉൽപ്പന്നങ്ങൾ സംസ്ക്കരിക്കണം. കാർഷിക മേഖല വികസിക്കണമെങ്കിൽ അടിസ്ഥാന ഉൽപ്പാദന മേഖല ശക്തിപ്പെടുത്തണം. ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും തെറ്റായ നയങ്ങളുടെയും ഫലമായി കാർഷിക വ്യാവസായിക മേഖലകൾ തകരുക യാണ് ചെയ്തത്. സ്വകാര്യ മേഖലയോട് അയിത്തം കാണിക്കുന്ന സമീപനം ഇടതുമുന്നണി ഗവണ്മെന്റിനില്ല. എന്നാൽ കാർഷിക വ്യാവസായിക മേഖല യിൽ സ്വകാര്യ പങ്കാളിത്തമാകാമെങ്കിലും അവരുടെ സമീപനത്തിൽ നിയന്ത്രണം ഏർപ്പെടുത്തണം. സ്വകാര്യ മേഖലയെ കൊള്ള ലാഭമെടുക്കാൻ അനുവദിച്ചാൽ ചെറുകിട ഉൽപ്പാദന രംഗവും ചെറുകിട സ്വകാര്യ സംരംഭങ്ങളും തകരും. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ കഴിയുന്ന തരത്തിൽ വിദേശ നിക്ഷേപം ആകർഷിക്കുന്ന വിധത്തിലുള്ള സമീപനങ്ങളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിച്ചിരി ക്കുന്നത്. സ്വകാര്യ മേഖലയോട് സഹകരിച്ച് വൻകിട കർമ്മ പരിപാടികൾക്ക് രൂപം നൽകി കർഷകരെ കൊള്ളയടിക്കാൻ അനുവദിക്കാതെ കാർഷിക

വ്യാവസായിക മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ഒരു ബദൽ സമീപനം സർക്കാർ സ്വീകരിക്കണം.

<u>ശ്രീ. രാജാജി മാത്യു തോമസ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കിയ കേരളത്തിൽ അതിനനുസൃതമായി കാർഷിക നയവും കൃഷി സമ്പ്രദായവും വിപണന സംവിധാനവും വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കാർഷിക രംഗത്തെ രക്ഷിക്കാൻ ക്രിയാത്മകമായ പ്രവർത്തനങ്ങളു ണ്ടാകണം. അത്തരമൊരു പദ്ധതിക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് നടപ്പു വർഷ ബഡ്ജറ്റിലൂടെ തുടക്കം കുറിക്കുകയാണ്. നെൽകൃഷി രംഗത്ത് ഗ്രൂപ്പ് ഫാമിംഗ് സംവിധാനമേർപ്പെടുത്താനും തരിശു നിലങ്ങളിൽ കൃഷി ചെയ്യുന്നതിനായി കുടുംബശ്രീ യൂണിറ്റുകളെ പ്രോൽസാ ഹിപ്പിക്കാനുമുള്ള നടപടികൾ സ്വാഗതാർഹമാണ്. 9 ലക്ഷം ഹെക്ടറായി രുന്ന നെൽവയലുകൾ 2.8 ലക്ഷം ഹെക്ടറായി ചുരുങ്ങിയത് ഭക്ഷ്യധാന്യ ഉൽപ്പാദന രംഗത്ത് വെല്ലുവിളിയായി മാറിയ സാഹചര്യത്തിൽ അവശേഷി ക്കുന്ന നെൽവയലുകൾ സംരക്ഷി ക്കേണ്ടത് പൊതു ഉത്തരവാദിത്വമായി കണക്കിലെടുക്കണം. കൃഷിയിറക്കുന്ന കർഷകർക്ക് പ്രോൽസാഹനം നേരിട്ട് പണമായി ലഭിക്കുന്ന വിധത്തിൽ ബഡ്ജറ്റ് വിഹിതം വിനിയോഗിക്കാൻ നടപടി സ്വീകരിക്കണം. കേര കർഷകരുടെ ദുരവസ്ഥ പരിഹരിക്കുന്നതിനായി രൂപം കൊടുത്ത പദ്ധതിത്തുക വർദ്ധിപ്പിക്കണം. ഗുണമേന്മയുള്ള തെങ്ങുകൾ ഉൽപ്പാദിപ്പിക്കാൻ 100 നഴ്സറികൾ സ്ഥാപിക്കാനുള്ള പദ്ധതി സ്വാഗതാർഹമാണ്. നാളികേര കൃഷിയുടെ പ്രതിസന്ധി മറികടക്കാൻ പൊതു മേഖലയിലും സ്വകാര്യ മേഖലയിലും നിക്ഷേപം ആകർഷിക്കണം. നാളികേര ഉൽപ്പന്നങ്ങളെ മൂല്യ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതോടൊപ്പം നീര ഉൽപ്പാദന

വുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അതുവഴി ഖജനാവിലേയ്ക്ക് വരുമാനം എത്തുന്നതു വിലയിരുത്തുന്നതിനുമായി ഈ രംഗവുമായി ബന്ധപ്പെട്ട കർഷക പ്രതിനിധികൾ, തൊഴിലാളി പ്രതിനിധികൾ, ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ, സംരംഭകർ എന്നിവരുടെ യോഗം വിളിച്ചു കൂട്ടാൻ നടപടി സ്വീകരിക്കണം. വിത്ത്, നടീൽ വസ്തുക്കൾ എന്നിവ യ്ക്കായി നീക്കിവച്ചിട്ടുള്ള തുക വർദ്ധിപ്പിക്കണം. കാർഷിക കടാശ്വാസ കമ്മിഷൻ, കേരള കാർഷിക കമ്മിഷൻ എന്നിവ രൂപീകരിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണെങ്കിലും അതിനുള്ള ബഡ്ജറ്റ് വിഹിതം 100 കോടി രൂപയാക്കി വർദ്ധിപ്പിക്കണം. സാമ്പത്തിക പ്രതിസന്ധി അനുഭവി ക്കുന്ന കർഷകരെ സഹായിക്കാനായി വിദ്യാഭ്യാസ സെസ്സ് ഈടാക്കുന്നതു പോലെ കർഷകരക്ഷാ നികുതി ചുമത്താൻ നടപടി സ്വീകരിക്കണം. ജൈവ കൃഷി രംഗത്തും വിപണന രംഗത്തും സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തണം. വ്യാപാര മേഖലയിലെ നിക്ഷിപ്ത താൽപ്പര്യ ക്കാരുടെ ഇടപെടൽ കാരണം ബുദ്ധിമുട്ടനുഭവിക്കുന്ന കുരുമുളക് കൃഷിക്കാരെ സംരക്ഷിക്കാനായി കുരുമുളക് സംഭരണത്തിന് സർക്കാർ മുൻകയ്യെടുക്കണം. കർഷകർക്ക് വിള ഇൻഷ്വറൻസ് നിർബന്ധമായി നടപ്പാക്കണം. കേരള കാർഷിക സർവ്വകലാശാലയിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്താനും സർക്കാർ വർഷാവർഷം കൊടുക്കേണ്ട ഗ്രാന്റ് 62 കോടി രൂപയാക്കി വർദ്ധിപ്പിക്കാനും പൂക്കോട് വൈറ്ററിനറി കോളേജ് നിർമ്മാണത്തിനായി 10 കോടി രൂപ അനുവദിക്കാനും കോലാഹലമേട്ടിലെ ഡയറി സയൻസ് കോളേജിന്റെ പണി പുനരാരംഭിക്കാനും ദേശീയ വരുമാന ത്തിൽ ഗണ്യമായ സംഭാവന നൽകുന്ന ക്ഷീരരംഗം പരിപോഷിപ്പിക്കാനും മൃഗങ്ങളിലുണ്ടാകുന്ന രോഗങ്ങൾ നിർണ്ണയി ക്കാനുമുള്ള ആധുനിക

സൗകര്യങ്ങളോടുകൂടിയ ഒരു വെറ്ററിനറി സർവ്വകലാശാല കേരളത്തിൽ സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. നീർത്തട പദ്ധതികളടക്കമുളള പദ്ധതികൾ നടപ്പാക്കുന്നതിനും മണ്ണ്, ജലം എന്നിവ സംരക്ഷിക്കുന്നതിനുമായി മണ്ണ്-ജല സംരക്ഷണ വകുപ്പിന് രൂപം നൽകണം. സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തശേഷം കൃത്യമായി പണം തിരിച്ചടയ്ക്കുന്ന കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനായി കൊടുക്കുന്ന സഹായ ധനത്തിന്റെ കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടികൾ സ്വീകരിക്കണം. സഹകരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നതോടൊപ്പം കാർഷിക വായ്പയുടെ പലിശ നിരക്ക് കുറച്ച നടപടി തുടരുകയും വേണം.

<u>ശ്രീ. സി. കെ. പി. പത്മനാഭൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്വാതന്ത്ര്യം കിട്ടി 50 വർഷം കഴിഞ്ഞിട്ടും കാർഷിക മേഖലയിലെ പ്രതിസന്ധിക്ക് കാരണം ആഗോളവൽക്കരണ നയവും അതു നടപ്പാക്കിയ കോൺഗ്രസ്സിന്റെ ഭരണവുമാണ്. കേരളത്തിലെ കാർഷിക വിളകളിൽ 82 ശതമാനത്തോളം വരുന്ന നാണ്യവിളകൾ വിദേശ രാജ്യങ്ങളിലെ മാർക്കറ്റിനെ ആശ്രയിച്ചാണ് കഴിയുന്നത്. കേരളത്തിലെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കേന്ദ്രം അനുകൂലമായ നിലപാട് സ്വീകരിക്കണം. കാർഷിക പാക്കേജിനായി 765 കോടി രൂപ അനുവദിച്ചത് കേരളത്തിലെ കാർഷിക രംഗത്തോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ സമീപനമാണ് കാണിക്കുന്നത്. വില കണ്ട് വിളവിറക്കുന്ന കൃഷിക്കാരന് വിള കൊയ്യുമ്പോൾ ന്യായവില കിട്ടാനാവശ്യമായ സാഹചര്യം ഉണ്ടാകണം. ഇക്കാര്യത്തിൽ കയറ്റുമതിക്കാരുടെയും ഇറക്കുമതിക്കാരുടെയും കുത്തക മുതലാളിമാരുടെയും താൽപ്പര്യം മാത്രം സംരക്ഷിക്കുന്ന നയം പിൻതുടരുന്നത് ശരിയായ സമീപനമല്ല. സസ്യ ജനിതക പരീക്ഷണം

നടത്താൻ കേന്ദ്ര ഗവണ്മെന്റ് അനുവാദം കൊടുത്തതുവഴി വിദേശ കുത്തക കൾക്കും സാമ്രാജ്യത്വ ശക്തികൾക്കും കാർഷിക മേഖലയെ അടിയറ വയ്ക്കുകയാണ് ചെയ്തത്. ഇഷ്ടപ്പെട്ട വിള കൃഷി ചെയ്യാൻ ബാധ്യതയുള്ള കൃഷിക്കാർ കമ്പോളത്തെ ആശ്രയിച്ചാണ് ഇന്ന് കൃഷി ചെയ്യുന്നത്. കാർഷിക മേഖലയിൽ ചെലവഴിക്കുന്ന തുക കർഷകന് വേണ്ടരീതിയിൽ ഉപയോഗപ്പെ ടുന്നുണ്ടോ എന്നുള്ളത് പരിശോധിക്കണം. പുല്ല് ഉല്പാദിപ്പിക്കാൻ കേന്ദ്ര പദ്ധതി നിലവിലുണ്ടെങ്കിലും അത് സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. കാർഷിക സർവ്വകലാശാലയുടെ പ്രവർത്തന ങ്ങൾ മെച്ചപ്പെടുത്തണം. കീടരോഗ ബാധയ്ക്കെതിരെ നടപടി സ്വീകരിക്കണം. പല വകുപ്പുകളുടെ കീഴിലായി നടക്കുന്ന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വകുപ്പുകളെ ഏകോപിപ്പിക്കണം. കർഷകർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കി പച്ചക്കറിക്കൃഷി വിപുലീകരിക്കണം. കുടുംബശ്രീയുടേയും മറ്റ് ഗ്രാമ സംഘടനകളുടേയും ആഭിമുഖ്യത്തിൽ ആയുർവ്വേദ സസ്യങ്ങൾ വികസിപ്പിച്ചെടുക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കണം. കേരളത്തിലെ കൃഷി രീതിക്ക് അനുയോജ്യമായ യന്ത്രങ്ങൾ തദ്ദേശീയമായി വികസിപ്പിച്ചെടുക്കണം. പദ്ധതികൾക്കായി പണം വകയിരുത്തുമ്പോൾ ഫലപ്രദമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കർഷകർക്ക് ക്ഷേമ പദ്ധതിയും വിള ഇൻഷ്വറൻസും നടപ്പിലാക്കണം. കാർഷിക രംഗത്തെ പ്രതിസന്ധി എങ്ങനെ മാറ്റാൻ കഴിയുമെന്ന് ആലോചിക്കണം. നെല്ലിന് ന്യായവില പ്രഖ്യാപിച്ചതും ബ്ലേഡുകാരെ നിയന്ത്രിച്ചതും കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചതും സ്വാഗതാർഹമാണ്. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ കൈക്കൊള്ളണം. കാർഷിക സഹായധനം വിതരണം

ചെയ്യുന്നത് കുറ്റമറ്റതാക്കണം. കൃത്യമായി പണം തിരിച്ചടയ്ക്കുന്ന കർഷകന് പ്രോൽസാഹന സഹായം കൊടുക്കണം. കക്ഷി രാഷ്ട്രീയഭേദമെന്യേ എല്ലാവരും ഒരുമിച്ചുനിന്നുകൊണ്ട് സംസ്ഥാനത്തെ കർഷകരെ സഹായിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടണം.

പ്രൊഫ. കെ. വി. തോമസ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഐക്യ കേരളത്തിന്റെ 50–ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ കേരളത്തെക്കുറിച്ച് കക്ഷി രാഷ്ട്രീയമില്ലാതെ സ്വതന്ത്രമായി ആലോചിക്കേണ്ടത് അത്യാവശ്യമാണ്. ഭരണത്തിലുണ്ടായ പാളിച്ചകൾ മനസ്സിലാക്കാനും അത് തിരുത്തി മുന്നോട്ടുപോകാനും ശ്രമിക്കണം. കേരളത്തിൽ മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന സ്ഥിതി സംജാതമാക്കണം. കേന്ദ്ര–സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങളുടെ സഹായത്തോടെ തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കണം. വെളിച്ചെണ്ണയിൽനിന്നും വാല്യൂ ആഡഡ് പ്രോഡക്ടസ് ഉണ്ടാക്കാൻ കഴിയണം. നെൽക്കൃഷി ലാഭകരമല്ലെങ്കിൽ കൃഷി ചെയ്യാൻ ആളുണ്ടാവുകയില്ല. ടി.എൻ. ജയചന്ദ്രൻ കമ്മിറ്റി കേരളത്തിലെ കാർഷിക മേഖലയെക്കുറിച്ച് പഠനം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷക ആത്മഹത്യയെയും കാർഷികോല്പന്നങ്ങളുടെ വിലയിടിവിനെയും കുറിച്ച് പഠിക്കണം. വല്ലാർപാടം കണ്ടെയിനർ ടെർമിനൽ പ്രാവർത്തികമാക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2006 നവംബർ 1 മുതൽ 2007 ജനുവരി 31 വരെ സഹകരണ പ്രസ്ഥാനത്തിന്റെ പരിധിയിൽ വരുന്ന എല്ലാ ഭവനങ്ങളുമായും ബന്ധപ്പെട്ടുകൊണ്ട് ഒരു പ്രത്യേക സഹകരണ നിക്ഷേപകാലം ആചരിക്കാൻ

ആഗ്രഹിക്കുന്നു. കേരളത്തിലെ ചിക്കുൻ ഗുനിയ രോഗത്തിന് പ്രാദേശികമായ പരിഹാരമെന്ന നിലയിൽ അയ്യായിരം രൂപ മുതൽ പത്ത് ലക്ഷം രൂപ വരെ (ബാങ്കിന്റെ കഴിവനുസരിച്ച്) ചെലവാക്കാൻ അനുവാദം കൊടുക്കുകയാണ്. നവംബർ 1 മുതൽ ഡിസംബർ 20 വരെയുള്ള കേരളപ്പിറവി വാർഷികാ ഘോഷകാലത്ത് ജനാധിപത്യം, സഹകരണം, സാമൂഹ്യ നീതി, കാർഷിക ക്ഷേമം, വിദ്യാഭ്യാസ വളർച്ച, അഴിമതി നിർമ്മാർജ്ജനം, ആധുനിക വൽക്കരണം തുടങ്ങിയ ഏഴ് പ്രധാനപ്പെട്ട തത്വങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു പ്രത്യേക കാമ്പെയിൻ നടത്താൻ ഉദ്ദേശിക്കുകയാണ്. 140 മണ്ഡലങ്ങളിലും സെൽഫ് ഫൈനാൻസിംഗ് സഹകരണ പ്രൊഫഷണൽ കോളേജുകൾ നടത്താൻ വേണ്ട സഹായം നൽകുന്നതാണ്. നവീനമായ മേഖലകളിൽ പ്രൊഫഷണൽ കോളേജുകൾ തുടങ്ങണമെന്നാണ് ആഗ്രഹിക്കുന്നത്. Department of Hotel, Restaurant and Tourism Administration, Department of Hospitality and Tourism Management അടക്കമുള്ള പുതിയ മേഖലകളിൽ ബാച്ചിലർ കോഴ്സ്, പി.ജി. കോഴ്സ്, പി.എച്ച്.ഡി. കോഴ്സ്, എംഫിൽ കോഴ്സ്, സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവ തുടങ്ങാനാഗ്രഹിക്കുന്നു. ഹയർ സെക്കന്ററി സ്ക്കൂളുകളിലെ ഡിപ്ളോമ കോഴ്സുകളിൽ ഇക്കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ട്.. സഹകരണ കോളേജുകളുടെ സംസ്ഥാന യുവജനോത്സവം നടത്താൻ ആഗ്രഹിക്കുന്നുണ്ട്. കേപ്പിന്റെ കീഴിലുള്ള ജീവനക്കാരുടെ സേവന–വേതന വ്യവസ്ഥകൾ പരിഷ്കരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. പുതിയ യുവ സഹകാരികളെ രംഗത്ത് കൊണ്ടുവരുന്നതിനായി സ്ക്കൂൾ, കോളേജ് തലങ്ങളിൽ

വിദ്യാർത്ഥികളുടെ സഹകരണ സംഘം രൂപീകരിക്കാൻ ഉദ്ദേശിക്കുകയാണ്. വൻകിട പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ അടക്കമുള്ള നിർമ്മാണങ്ങൾക്കു വേണ്ടി ഈ മേഖലയിൽ പുതിയ കരുത്തുറ്റ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് പിൻതുണ നൽകാൻ ആഗ്രഹിക്കുന്നു. നിർദ്ധധനരായ പെൺകുട്ടികളുടെ വിവാഹത്തിന് നാല് ശതമാനം പലിശയ്ക്ക് രണ്ട് ലക്ഷം രൂപ വരെ വായ്പ നൽകുന്നതിനുവേണ്ടി 'മംഗല്യസൂത്ര സഹകരണ സംഘം' എന്ന പേരിൽ ഒരു പുതിയ സഹകരണ സംഘം ആവിഷ്ക്കരിക്കാനും 3 ശതമാനം പലിശയ്ക്ക് നിക്ഷേപം സ്വീകരിക്കുന്നതിന് ഒരു കാമ്പെയിൻ നടത്താനും ഉദ്ദേശിക്കുന്നു. കാർഷിക വായ്പയുടെ പലിശ ഒരു ലക്ഷം രൂപവരെ അഞ്ചര ശതമാനവും ഒരു ലക്ഷം രൂപ മുതൽ മൂന്ന് ലക്ഷം രൂപവരെ ആറ് ശതമാനവും എന്നുള്ളത് ജനുവരി 31 വരെ തുടരുന്നതാണ്. പൊതുവായ ആവശ്യങ്ങളിൽ എല്ലാവരും ഒരുമിച്ചു നിൽക്കണം. നബാർഡ് പലിശ 2.5 ശതമാനമായി കുറച്ചു. ഇനിയും കുറയ്ക്കേണ്ടതാവശ്യമാണ്. 4 ശതമാനം പലിശ നിരക്കിൽ ഒരു പാക്കേജ് 2007-ൽ പ്രഖ്യാപിക്കാൻ കഴിയും. സഹകരണ സംഘങ്ങളിലെ വായ്പ പലിശയുടെ കാര്യത്തിലും, നിക്ഷേപത്തിന്റെ പലിശയുടെ കാര്യത്തിലും കടുത്ത മത്സരമാണ് ദേശീയ ബാങ്കുകളും കൊമേഴ്സ്യൽ ബാങ്കുകളും നടത്തിക്കൊണ്ടിരിക്കുന്നത്. അതിനൊപ്പം നിൽക്കാൻ കഴിയില്ലെങ്കിലും സഹകരണ ബാങ്കിന്റെ നിക്ഷേപത്തിനുമേൽ എപ്പോഴും ഒരു ശതമാനം പലിശ കൂടുതലായുള്ളത് തകർക്കാനുള്ള ശ്രമമാണ് നാഷണൽ ബാങ്കു കളുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഇക്കാര്യത്തിൽ നബാർഡും കേന്ദ്ര ധനകാര്യ മന്ത്രിയും ആർ.ബി.ഐ.യും നിഷേധാത്മകമായ സമീപനമാണ്

സ്വീകരിച്ചിട്ടുള്ളത്. കൺസ്യൂമർ ഫെഡ് പോലുള്ള അപ്പെക്സ് സംഘങ്ങളുടെ പ്രവർത്തനം ആധുനികവത്ക്കരിക്കുന്നതാണ്. ജില്ലാ/സംസ്ഥാന സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ പെൻഷൻ പദ്ധതി ഇക്കൊല്ലം നടപ്പിലാക്കും. പെൻഷനും ക്ഷേമ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കും. മുൻപ് പെൻഷൻ കിട്ടാതിരുന്ന എല്ലാവർക്കും പെൻഷൻ നൽകാൻ നടപടി സ്വീകരിക്കും. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കഴിഞ്ഞ അഞ്ചുവർഷം നടന്ന അഴിമതിയിൻമേൽ സഹകരണ നിയമം അനുസരിച്ച് ഉചിതവും ശക്തവുമായ തീരുമാനമെടുക്കും. സംസ്ഥാന കാർഷിക ഗ്രാമീണ സഹകരണ ബാങ്കിലെ സാമ്പത്തിക ക്രയവിക്രയങ്ങളിൽ ആഡിറ്റ് പരിശോധനയുമായി ബന്ധപ്പെട്ട പ്രശ്നം ഭരണ സമിതിയുടെ വിശദീകരണം കേട്ടശേഷം കുറ്റക്കാരുടെ പേരിൽ ആവശ്യമായ നടപടി സ്വീകരിക്കും. ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച് കേരളവുമായി ചർച്ച ചെയ്ത് നടപ്പാക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുന്നതാണ്. ഇൻകം ടാക്സ് ആക്ടിന്റെ 80 (ബി) വകുപ്പിൽനിന്ന് കേരളത്തിലെ സഹകരണ ബാങ്കുകളെ ഒഴിവാക്കി ടാക്സ് ചുമത്താനുള്ള കേന്ദ്ര ധനകാര്യ മന്ത്രിയുടെ തീരുമാനത്തിനെതിരെ ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ജനാധിപത്യവിരുദ്ധമായ കാര്യങ്ങൾ ഒഴിവാക്കി ധനപരവും ഗുണപരവുമായ ഭാഗങ്ങൾ നടപ്പാക്കണമെന്ന് കേന്ദ്രത്തോട് ശുപാർശ ചെയ്യുന്നതാണ്. അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്കുവേണ്ടി ആർ.ബി.ഐ ഉണ്ടാക്കുന്ന നവീകരണ പദ്ധതിയുടെ കരാറിൽനിന്ന് ജനാധിപത്യ ധ്വംസനപരമായ ഭാഗങ്ങളും ഡ്രാഫ്റ്റ് മിഷൻ ഡോക്കുമെന്റിന്റെയും ടാസ്ക് ഫോഴ്സിന്റെയും കാര്യത്തിൽ ആർ.ബി.ഐ ഉന്നയിച്ചിരിക്കുന്നതിൽ സ്വീകാര്യമല്ലാത്ത

ഭാഗങ്ങളും ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ സഹകരണ സംഘങ്ങൾക്ക് പ്രത്യേക പരിഗണന നൽകി പ്രത്യേക പലിശ-നിക്ഷേപ പാക്കേജ് നടപ്പാക്കുന്നതാണ്. സഹകരണ ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തും; കുടിശ്ശിക യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കും. സഹകരണ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ പ്രത്യേക പദ്ധതി തയ്യാറാക്കും. ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന പ്രകാരം ഗവേഷണ കേന്ദ്രങ്ങളും നൂതന സാങ്കേതിക പഠന കേന്ദ്രങ്ങളും വികസിപ്പിക്കും. സഹകരണ സംഘം ആശുപത്രികൾ മണ്ഡലാടിസ്ഥാനത്തിൽ സ്ഥാപിക്കും. രക്തദാനം, ശുദ്ധജല വിതരണം എന്നീ രംഗങ്ങളിൽകൂടി സഹകരണ മേഖലയ്ക്ക് പ്രവർത്തിക്കാൻ കഴിയുന്ന തരത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സമിതികൾക്ക് എല്ലാ പ്രോത്സാഹനവും നൽകും. ഗഹാൻ സമ്പ്രദായം അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ നടപ്പാക്കും കൃഷിയും സഹകരണവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും. കാർഷിക മേഖലയിൽ നിക്ഷേപിക്കുന്നതിൽ 15,000 കോടി രൂപയെങ്കിലും സഹകരണ മേഖലയിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കും. ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച അംഗങ്ങൾ ഉന്നയിച്ച എല്ലാ നല്ല നിർദ്ദേശങ്ങളും അംഗീകരിക്കുകയാണ്. വയനാട്, പത്തനംതിട്ട ജില്ലാ ബാങ്കുകൾ പിരിച്ചുവിട്ടതിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് യാതൊരു രാഷ്ട്രീയ ഇടപെടലുമുണ്ടായിട്ടില്ല. സഹകരണ മേഖലയിൽ കൈക്കൂലി വാങ്ങിക്കുന്ന ആഡിറ്റർമാരുടെ പേരിൽ കർശന നടപടി സ്വീകരിക്കും. ഡയറക്ടർ ഓഫ്

ആഡിറ്റ് എന്ന തസ്തികയിൽ നിയമനം നടത്തും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): ധനാഭ്യർത്ഥന ചർച്ചയിൽ ഉയർന്നുവന്ന ക്രിയാത്മകമായ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. റവന്യൂ വകുപ്പിന്റെ കണക്കനുസരിച്ച് യു.ഡി.എഫ്. ന്റെ കാലത്ത് കേരളത്തിൽ 256 കർഷകരാണ് മരിച്ചത്. ഇന്ത്യയിൽ പത്തിനുമുകളിൽ ആത്മഹത്യ നടന്ന 31 ജില്ലകളെ പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പത്തിനുമുകളിൽ ആത്മഹത്യ നടന്ന ഇടുക്കി, ആലപ്പുഴ ജില്ലകളിലേത് സത്യസന്ധമായി രേഖപ്പെടുത്താത്തതുകൊണ്ട് അത് ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലെത്തിയ ആദ്യ ദിവസം തന്നെ ആത്മഹത്യ ചെയ്ത കർഷകരുടെ കടം എഴുതിത്തള്ളാൻ തീരുമാനിക്കുമ്പോൾ ആദ്യം നേരിട്ട പ്രശ്നം ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ലെന്നുള്ളതായിരുന്നു. പിന്നെ അതിനുള്ള നടപടി സ്വീകരിച്ചു. ഈ മാസം അവസാനിക്കുന്നതിനു മുമ്പായി എല്ലാ ജില്ലകളിൽനിന്നും ആത്മഹത്യ ചെയ്ത കർഷകരുടെ വിവരം ശേഖരിച്ച് സർക്കാരിന് നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 8-7-2006-ന് ആലുവയിൽവച്ചും 22-9-2006-ന് തൈക്കാട് ഗസ്റ്റ് ഹൗസിൽവച്ചും കർഷക സംഘടനകളുടെ യോഗം വിളിച്ചിരുന്നെങ്കിലും അതിൽ പല സംഘടനകൾക്കും പങ്കെടുക്കാൻ കഴിയാത്തതുകൊണ്ട് ഈ മാസം തന്നെ കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും കർഷക സംഘടനകളുടേയും ഒരു യോഗം വിളിച്ചു ചേർക്കുന്നതാണ്. സംസ്ഥാനത്ത്

സമഗ്രമായ ഒരു കാർഷിക നയം രൂപീകരിക്കും. കർഷകരെ ദുരിതത്തിലേയ്ക്ക് നയിച്ചതിൽ രാസവള പ്രയോഗത്തിനും വളരെയധികം പങ്കുണ്ട്. നെൽകൃഷി നിലനിർത്തുന്നതിനും നെൽ കർഷകരെ സഹായിക്കുന്നതിനും വേണ്ടി പ്രത്യേക നിയമം കൊണ്ടുവരും. ഗ്രൂപ്പ് ഫാമിംഗ് സംവിധാനം ശക്തമായി തിരിച്ചുകൊണ്ടുവരും. നിലവിലുള്ള പതിനൊന്ന് വികസന സമിതികളെ പുനഃസംഘടിപ്പിച്ച് പ്രാദേശിക ഭരണ സമിതികളേയും കുടുംബശ്രീ യൂണിറ്റുകളേയും വനിതാ കൂട്ടായ്മയേയും ഉൾപ്പെടുത്തി കൃഷി ചെയ്യാൻ സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം നെൽകൃഷി ചെയ്യാനുള്ള പദ്ധതിക്ക് സർക്കാർ രൂപം നൽകുന്നതാണ്. തരിശ്ശായി കിടക്കുന്ന ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 5000 രൂപ ധനസഹായം നൽകിവരുന്നു. നെൽകൃഷി മേഖല തിട്ടപ്പെടുത്തി പ്രാദേശിക ഭരണ സമിതികളെ സംയോജിപ്പിച്ച് ഗ്രൂപ്പ് ഫാമിംഗ് വഴി കൃഷി ചെയ്യുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. വിളവെടുപ്പ് സമയത്ത് നെല്ല് സംഭരിക്കാനും 8.രൂപ 50 പൈസ എന്ന് കാലേക്കൂട്ടി വില പ്രഖ്യാപിക്കാനും സംഭരണ ചുമതല സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഏല്പിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 1996-ൽ നെല്ല് ഉല്പാദന മേഖലയുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ്.ഗവണ്മെന്റ് കൊണ്ടുവന്ന മൂന്ന് റൈസ് മില്ലുകളും അടുത്ത നെല്ലെടുപ്പിനു മുമ്പ് പൂർത്തിയാക്കി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമിക്കുന്നതാണ്. നാളികേരത്തിന്റെ വിലത്തകർച്ചമൂലം ആ രംഗത്തുനിന്ന് കർഷകർ ഒഴിഞ്ഞുപോകുന്നു. നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വിപുലമായ പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കും. നാളികേരത്തിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടായാൽ മാത്രംപോരാ,

അതിന്റെ ഗുണം കർഷകനുതന്നെ കിട്ടണം. കേരളത്തിന്റേതായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയണം. കാർഷിക യൂണിവേഴ്സിറ്റി വികസിപ്പി ച്ചെടുത്തിട്ടുള്ള കർഷക പാനീയം സംബന്ധിച്ച ചർച്ചകൾ കർഷക സംഘടനകളുമായും ട്രേഡ് യൂണിയൻ സംഘടനകളുമായും രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായും നടത്തി കർഷകർ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടായാൽ നാളികേര രംഗത്തെ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. നമുക്ക് ആവശ്യമുള്ള പച്ചക്കറികളുടെ പകുതിയിലധികവും അന്യ സംസ്ഥാനങ്ങളിൽനിന്നാണ് വരുന്നത്. രാസവളം ചേർക്കാത്ത പച്ചക്കറി കേരളത്തിലെ 14 ജില്ലകളിലും ഉണ്ടാക്കാൻ കഴിയും. അന്യസംസ്ഥാനങ്ങളെ ആശ്രയിക്കാതെ ഒരു ജൈവവള പ്രക്രിയയിലൂടെ പച്ചക്കറി ഉല്പാദിപ്പിക്കുന്നതുകൊണ്ട് ആരോഗ്യപരമായ മെച്ചം ഉണ്ടാക്കാനുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ആദ്യമായി ഓരോ ബ്ലോക്കിലും ഓരോ മാതൃകാ കൃഷി ഭവൻ ഉണ്ടാക്കും. കൃഷി വകുപ്പിലെ കാര്യക്ഷമത ഉറപ്പുവരുത്തും. അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കും. കൃഷി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ തരിശ്ശായി കിടക്കുന്ന പ്രദേശങ്ങളിൽ അതാത് സ്ഥലങ്ങൾക്ക് അനുയോജ്യമായ രീതിയിൽ കൃഷി നടത്തും. കേരളത്തിലെ 740-ലധികം സ്കൂളുകളിൽ പച്ചക്കറി കൃഷി ആരംഭിച്ചിട്ടുണ്ട്. അത് 1000 സ്കൂളുകളിലേയ്ക്കും സ്ഥലസൗകര്യമുള്ള ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കും. ഈ ഓണക്കാലത്ത് സ്കൂളുകളിൽനിന്ന് 10,000 രൂപയ്ക്കുവരെ പച്ചക്കറികൾ വിറ്റിട്ടുണ്ട്. കാർഷിക കടാശ്വാസ കമ്മീഷൻ നിലവിൽ വരുമ്പോൾ ബ്ലേഡുകാരുടെ പിടിയിൽനിന്ന് കർഷകരെ മോചിപ്പിക്കാൻ സാധിക്കും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും 32-നെതിരെ 74 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.58-ന് പിരിഞ്ഞു.